# ഗോസ്പൽ മെസഞ്ചർ

₹12

Vol-XV Issue-1 APRIL 2024

ക്രിസ്തീയ കുടുംബ മാസിക



"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ;
സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു".

(ഫിലിപ്പിയർ 4:4)

# EDITORIAL BOARD

**PUBLISHER:** Dr. V. P. Mathai Valayil
**CHIEF EDITOR:** Rajan M Thomas | **EDITOR:** Baby George
**MEMBERS:** Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



Gospel Messenger
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.
Kerala - 683556

8281616654 | egmofindia@gmail.com


മുഖക്കുറി

## പ്രത്യാശയോടെ പുതിയ വർഷത്തിലേക്ക്

ജനം പുതിയ സാമ്പത്തിക വർഷത്തിലേക്കും ഇ.ജി.എം ഓഫ് ഇന്ത്യ 16 വർഷം പൂർത്തീകരിച്ച് മെയ് ഒന്നാം തീയതി 17-ാം വർഷത്തിലേക്കും പ്രവേശിക്കുകയാണല്ലോ. ഒന്നുമില്ലായ്മയിൽ നിന്ന് ആരംഭിക്കുകയും സമാനതകളില്ലാത്ത അവഗണനകളും വെല്ലുവിളികളും തരണംചെയ്ത് ഭാരതസുവിശേഷീകരണത്തിൽ ഒരു നിർണ്ണായക ഭാഗമാകുവാൻ സഹായിച്ച കർത്താവിനെ സ്തോത്രം ചെയ്യാം. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും വേല ആരംഭിക്കുവാനും 25-ൽ കൂടുതൽ വിശ്വാസികളുള്ള ഫീൽഡുകളിൽ ആരാധനാലയങ്ങൾ പണിയുവാനും ദൈവം സഹായിച്ചു. അടുത്ത അഞ്ചു വർഷത്തേക്കുള്ള പുതിയ പദ്ധതികളുമായി നാം മുന്നോട്ടു പോകുകയാണ്. ഇതിന്റെ പിന്നിൽ അനേകരുടെ അക്ഷീണ പ്രയത്നവും, വിലയേറിയ പ്രാർത്ഥനയും നിർല്ലോഭമായ കൈത്താങ്ങലും ഉണ്ടെന്നുള്ളത് നന്ദിയോടെ ഓർക്കുന്നു. പുതിയ വർഷത്തിൽ പുതിയ ഉണർവ്വോടെ, പുത്തൻ സമർപ്പണത്തോടെ കർത്താവിന്റെ വേലക്കായി നമുക്ക് കൈകോർക്കാം. "അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ യേശുക്രിസ്തുവിനെ സേവിപ്പിൻ. അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിന്നു ഒത്തതു പ്രാപിക്കും; മുഖപക്ഷം ഇല്ല" (കൊലൊ. 3:24, 25). ആസന്നമായ ലോകസഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ നികുതി നിർദ്ദേശങ്ങൾ ഇല്ലാ എന്ന് മാത്രമല്ല ചില ചില്ലറ ഇളവുകളും പ്രഖ്യാപിക്കപ്പെട്ടത് ജനങ്ങൾക്ക് ആശ്വാസമാണ്. കാലാവസ്ഥാ വ്യതിയാനത്താൽ അനേകർ കൊടുംചൂടിൽ നട്ടം തിരിയുന്ന സമയത്ത് തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് വൈദ്യുതി നിയന്ത്രണം ഇല്ല എന്നറിയുന്നതും ആശ്വാസകരമാണ്. ദൈവത്തെയും ദൈവസ്നേഹത്തെയും തിരിച്ചറിയാതെ നിസ്സാര കാര്യങ്ങൾക്കു പോലും വ്യക്തികളും കുടുംബങ്ങളും ആത്മഹത്യ ചെയ്യുന്നതും, സഹജീവികളെ പൈശാചികമായി കൊലചെയ്യുന്നതും പ്രണയാഭ്യർത്ഥന നിരസിച്ചതിന് കമിതാക്കളെ വകവരുത്തുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. ഇവരിലേക്കൊക്കെ സുവിശേഷം കടന്നു ചെന്നാൽ മാത്രമേ ഇതിനെല്ലാം ഒരു മാറ്റം ഉണ്ടാകുകയുള്ളു. "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (2 പത്രൊസ് 3:9). അതിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. സമയത്തിനുമുമ്പേ സുവിശേഷം ബന്ധിക്കപ്പെടാതിരിക്കുവാനും, ദൈവഭയമുള്ള ഒരു ഭരണകൂടം അധികാരത്തിൽ വരുവാനും നമുക്ക് പ്രാർത്ഥിക്കാം.

●●●



രാജൻ എം. തോമസ്

CONTENTS


03 പുതുവത്സരത്തിലേക്ക് പുതു സ്വപ്നങ്ങളുമായി — ഡോ. വി. പി. മത്തായി വാലയിൽ

05 മക്കളോടും സഹായികളോടുമൊപ്പം — ഡോ. ജോർജ്ജ് സാമുവൽ

07 ജ്വാലയുടെ സൂക്ഷിപ്പുകാർ — ഡോ. നെൽസൻ മാത്യു വാലയിൽ

15 ജീവന് വേണ്ടിയുള്ള ഓട്ടം — ടീച്ചർ

27 'നാം ജീവിക്കുന്നു' — സോജാ ടോണി

▸▸ വാട്ട്സാപ്പ് ▸▸ എന്റെ ചോദ്യം ▸▸ പ്രാർത്ഥന നിത്യതയെ കടന്നുപിടിക്കുന്നു ▸▸ പ്രസംഗക്കുറിപ്പ് ▸▸ ദൈനംദിന സഹായി
▸▸ ന്യൂസ് ▸▸ അറിവുകൾ ▸▸ പരിശുദ്ധനായ ദൈവത്തിന്റെ സവിശേഷതകൾ ▸▸ ആരോഗ്യവിചാരം ▸▸ ബൈബിൾ ക്വിസ്




ഡയറക്ടറുടെ കത്ത്

ഡോ. വി.പി. മത്തായി
വാലയിൽ

# പുതുവത്സരത്തിലേക്ക് പുതു സ്വപ്നങ്ങളുമായി

## NEW YEAR WITH NEW DREAMS

**ധാരാളം നല്ല സ്വപ്നങ്ങൾ കണ്ട് അതിലേക്ക് നടന്നുനീങ്ങിയ കാലഘട്ടമാണ് പിന്നിട്ടത്. ഓരോവർഷം ചെല്ലുന്തോറും പുതിയ വെല്ലുവിളികളും പുതിയ കാലാവസ്ഥയുമാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.**

**ദൈ**വത്തിന്റെ കൃപയാൽ ഇ.ജി.എം ഓഫ് ഇന്ത്യ 2024 ഏപ്രിൽ 30–ാം തീയതി 16 വർഷം പൂർത്തീകരിച്ച് മെയ് ഒന്നിന് പുതിയ വയസ്സിലേക്ക് പ്രവേശിക്കുകയാണ്. 2008 മെയ് ഒന്നാം തീയതി പെരുമ്പാവൂർ ടൗണിലെ ഒരു വാടകമുറിയിൽ പ്രാർത്ഥിച്ച് ആരംഭിച്ചതാണ് ഈ ശുശ്രൂഷ. ആരംഭകാലം വളരെ വേദന നിറഞ്ഞതായിരുന്നു. അതിന്റെ സ്ഥാപകൻ എന്ന നിലയിൽ എനിക്ക് അനുഭവിക്കേണ്ടിവന്ന വേദന വാചാമഗോചരമാണ്.

1984–ൽ യാക്കോബായ സഭയിൽ ഒരു മിഷനറി പ്രസ്ഥാനം വേണം എന്ന് ഞാൻ ആഗ്രഹിച്ചു. സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ എന്ന മിഷനറി പ്രസ്ഥാനം. അതിൽ പതിന്നാലു വർഷം കൊണ്ട് കർത്താവിന്റെ സഭയുടെ ശുശ്രൂഷയുടെ ഭാഗമാകാൻ വേണ്ടി സ്വപ്നംകണ്ട് തുടങ്ങിയതും തുടങ്ങിവച്ചതും ധനപരമായും ആത്മീയമായും നേടിയതെല്ലാം എന്റേതല്ലാത്ത കാരണങ്ങളാൽ നഷ്ടമായി. പക്ഷേ കർത്താവ് എന്നെ പഠിപ്പിച്ചു. എന്നെ സ്നേഹിച്ചു. ചേർത്തുപിടിച്ചു. സ്നേഹിച്ചവരും സ്നേഹിക്കേണ്ടവരും ആത്മീയമായി ഞാൻ വളർത്തിയവരും എന്നെ വളർത്തേണ്ടവരും മൂല്യങ്ങൾ മറന്നുകളഞ്ഞ സമയമായിരുന്നു അത്. പക്ഷേ കർത്താവ് വിശ്വസ്തനായതുകൊണ്ടും എന്നെ എന്റെ പാപത്തിൽനിന്നും മരണത്തിൽനിന്നും നിത്യനാശത്തിൽനിന്നും സ്നേഹത്താൽ വീണ്ടെടുത്തവനുമായതുകൊണ്ട് പിന്നിട്ട വർഷങ്ങളിൽ കർത്താവ് കരുണയും കരുതലും സ്നേഹവും തന്ന് പോറ്റിപ്പുലർത്തി എന്ന് പറയാതിരിക്കാൻ വയ്യ. വർഷത്തിൽ ഒരിക്കലെങ്കിലും ഇത് ഓർത്ത് സ്തോത്രം ചെയ്തില്ലെങ്കിൽ ദൈവസന്നിധിയിൽ നന്ദികെട്ടവനായിപ്പോകും എന്ന് ഞാൻ മനസ്സിലാക്കുന്നു. മറ്റൊരു തരത്തിൽ വ്യക്തിപരമായി പറഞ്ഞാൽ ഞാൻ വലിയ സന്തോഷവാനുമാണ്; കർത്താവ് എന്നെ സന്തോഷിപ്പിച്ചു എന്ന് പറയാം. കാരണം യാക്കോബായ സഭയിൽ ബലഹീനനായ ഞാൻ ആരംഭിച്ച സെന്റ് പോൾസ് മിഷനും നന്നായി സഭയുടെ കാഴ്ച്ചപ്പാടുകൾ അനുസരിച്ച് പ്രവർത്തിക്കുന്നതും കൃപയാൽ ആത്മീയമായി വളർത്തിക്കൊണ്ടുവന്നവരെല്ലാം നന്നായി പ്രവർത്തിക്കുന്നു എന്നതും കാണുമ്പോൾ ഹൃദയത്തിൽ അനുഭവിക്കുന്ന ഒരു ആനന്ദമുണ്ട് എന്നതാണ്. അത് ഇത്തരുണത്തിൽ എനിക്ക് പങ്കുവെക്കാതിരിക്കാൻ കഴിയില്ല. വ്യക്തമായി പറഞ്ഞാൽ ആ പ്രസ്ഥാനവും ഒരു കേടുംകൂടാതെ മുന്നോട്ടുപോകുന്നതാണ്

എന്റെ സന്തോഷം. ചുരുക്കിപ്പറഞ്ഞാൽ കർത്താവിന്റെ വയൽപ്രദേശത്ത് മറ്റുള്ളവർക്ക് ആശ്വാസവും ആത്മീയ വളർച്ചയുമാകാൻ കാരണമായ രണ്ടു വൃക്ഷങ്ങൾ നട്ടുവളർത്തി; 'ദൈവമത്രെ വളരുമാറാക്കുന്നത്.' അത് ഓർത്തും ഈ ജന്മദിനത്തിൽ ദൈവത്തെ സ്തോത്രം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്.

ഇ.ജി.എം. ഓഫ് ഇന്ത്യയെക്കുറിച്ച് പറഞ്ഞാൽ രണ്ട് കാലഘട്ടങ്ങളാണ് ഉള്ളത്. സകല അരിഷ്ടതകളും വേദനകളും ഞെരുക്കങ്ങളും നിറഞ്ഞ ആദ്യ കാലഘട്ടം! ആർക്കും നമ്മെ മനസ്സിലാകുന്നില്ല എന്നു മാത്രമല്ല മനസ്സിലാക്കുന്നതെല്ലാം തെറ്റായ കാര്യങ്ങളാകയാൽ എന്നേയും എന്റെ സഹപ്രവർത്തകരെയും ഇഷ്ടപ്പെടാതിരുന്ന കാലമായിരുന്നു അത്. ആ നാളിൽ എന്നോടൊപ്പം എല്ലാം സഹിച്ച് നിന്നവരെക്കുറിച്ച് എത്രപറഞ്ഞാലും തീരില്ല. അത്രമാത്രം അവർ കർത്താവിന്റെ വേലയെപ്രതി സഹിച്ചു. അതിന്റെ കാരണമോ അവരുടെ ശരിയായ തീരുമാനവും സമർപ്പണവും മാത്രമായിരുന്നു. ഞാൻ പഠിപ്പിക്കാറുണ്ട് നമ്മുടെ സമർപ്പണം വ്യക്തിക്കും പ്രസ്ഥാനത്തിനും മുന്നിലല്ല; പിന്നെയോ കർത്താവിനും അവന്റെ സ്നേഹത്തിനും മുന്നിലാണ്. അത് ആർക്കും എടുത്തുമാറ്റാൻ കഴിയുന്നതോ തകർക്കാൻ കഴിയുന്നതോ അല്ല.

രണ്ടാമത്തെ കാലഘട്ടം എന്നത് കർത്താവിനായി സ്വപ്നങ്ങൾ കാണുകയും അതിന്റെ സാക്ഷാത്ക്കാരത്തിനായി കർത്താവിനോടുകൂടെ യാത്ര ചെയ്യുകയും ചെയ്ത കാലഘട്ടമാണ്. ഇപ്പോൾ പതിനാറു വയസ്സ് പൂർത്തിയായി. ധാരാളം നല്ല സ്വപ്നങ്ങൾ കണ്ട് അതിലേക്ക് നടന്നുനീങ്ങിയ കാലഘട്ടമാണ് പിന്നിട്ടത് ഓരോവർഷം ചെല്ലുന്തോറും പുതിയ വെല്ലുവിളികളും പുതിയ കാലാവസ്ഥയുമാണ് നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

കർത്താവ് 2004-ൽ തന്ന ഒരു സ്വപ്നപദ്ധതിയായിരുന്നു, എല്ലാ സംസ്ഥാനങ്ങളിലും കർത്താവിന്റെ വേല ആരംഭിക്കുക എന്നത്. അത് ശ്രമകരമായ ഒരു നിയോഗമായിരുന്നു 10 വർഷം കൊണ്ട് 28 സംസ്ഥാനങ്ങളിലും വേല ആരംഭിക്കുക. ഇതിന്റെ ലക്ഷ്യത്തിലേക്കുള്ള യാത്ര മുന്നിലെ പൊട്ടക്കിണറുകളും കാരാഗൃഹവും നിന്ദയും മുള്ളും പറക്കാരയും ഇടതൂർന്ന് വളരുന്ന വഴിയിലൂടെയായിരുന്നു. എനിക്ക് സ്വപ്നം തന്നവൻ അത് സാധ്യമാക്കി; പിന്നീട് കർത്താവ് പുതിയ ഒരു സ്വപ്നം തന്നു. 2022 ഡിസംബർ മാസം തീരും മുമ്പെ 25 വിശ്വാസികൾ എങ്കിലും ഉണ്ടെങ്കിൽ എല്ലാ വേലസ്ഥലത്തും ഒരു പ്രാർത്ഥനാലയം. പക്ഷെ അപ്രതീക്ഷിതമായി കോവിഡ് പോലെ സാമ്പത്തിക ഞെരുക്കങ്ങൾ സൃഷ്ടിക്കുന്ന വലിയ തടസ്സങ്ങൾ നേരിട്ടു പക്ഷേ കർത്താവ് 2014 മുതൽ എട്ടുവർഷം കൊണ്ട് ആ സ്വപ്നവും വാഗ്ദത്തവും പാലിച്ചു തന്നു. പുതുവർഷത്തിൽ പുതിയ ഒരു സ്വപ്നം മനസ്സിൽ താങ്ങിയാണ് എന്റെയും എന്റെ സഹപ്രവർത്തകരുടെയും യാത്ര. 2028 ഡിസംബർ അതൊരു സ്വപ്നവർഷമാണ്.

നടത്തിയ ദൈവം വീണ്ടും നടത്തും എന്ന പ്രത്യാശയോടെ നമ്മൾ മുന്നോട്ടു നീങ്ങുകയാണ്. മുന്നിൽ എന്ത് എന്നും എങ്ങനെ എന്നും ഒന്നും നിശ്ചയമില്ല. കർത്താവിനായി, അവന്റെ സ്നേഹത്തിൽ അത് ചെയ്യാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. നമ്മളുടെ പ്രവർത്തനങ്ങളുടെ ഫലമായി വിശ്വാസത്തിൽവന്നവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം, നല്ല ജോലി, നല്ല പാർപ്പിടം നല്ല ആത്മീയ അടിസ്ഥാനം ഇതിനായി നമ്മൾ മൂന്ന് പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. അതിലൊന്നാണ് ആരംഭിച്ചിരിക്കുന്ന സണ്ടേ സ്കൂൾ. മറ്റു പദ്ധതികളാണ് വിദ്യാകിരൺ യോജനയും കൃപാഭവൻ യോജനയും. അഞ്ച് വർഷത്തേക്കുള്ള ഈ പദ്ധതികളുമായിട്ടാണ് 17-ാം വയസ്സിലേക്ക് നമ്മൾ പ്രവേശിക്കുന്നത്. ഈ യാത്രയിൽ എന്റെ പ്രിയ വായനക്കാരും വലങ്കൈ തരണമേ! ആയുസ്സും ആരോഗ്യവും തന്നാൽ 2029 ജനുവരിയിൽ തിരിഞ്ഞുനോക്കി സ്തോത്രംചെയ്യാൻ എല്ലാ വായനക്കാരും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

> **വിദ്യാകിരൺ യോജന :** പഠിക്കുന്ന മക്കൾക്ക് (പ്രൊഫഷണൽ കോഴ്സ്) പ്രതിമാസം 10000/-
>
> **കൃപാഭവൻ ദാൻ യോജന :** വീടില്ലാത്തവർക്ക് ഒരു വീട്. (3,50000/-)
>
> ഇതിൽ പങ്കാളിയാകാൻ താങ്കളെ ക്ഷണിക്കുന്നു.

ഈ ലേഖനം വായിക്കുന്ന താങ്കൾ എവിടെ ആയിരുന്നാലും പ്രായഭേദമെന്യേ, സഭാ വ്യത്യാസമെന്യേ എന്നോടൊപ്പം ഈ ശുശ്രൂഷയിലേക്ക് താങ്കളെയും ഞാൻ ക്ഷണിക്കുകയാണ്. വരുവിൻ നമുക്ക് ഒരുമിച്ച് എഴുന്നേറ്റ് പണിയാം.

"അതു സ്നേഹത്താൽ ചെയ്യുന്നു. (ഫിലി. 1:16) അത് ശാഠ്യത്താൽ ചെയ്യുന്നു." (1:17) രണ്ടു തരത്തിൽ കർത്താവിന്റെ വേല ചെയ്യാം. സ്നേഹത്താലും ചെയ്യാം, ശാഠ്യത്താലും ചെയ്യാം. കർത്താവിനോടുള്ള നമ്മുടെ സ്നേഹം നിമിത്തം പുതിയ വർഷം കർത്താവിന്റെ വേല ഇരട്ടിയായി ചെയ്യുവാൻ ആഗ്രഹമുണ്ട് - അതിനാൽ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. കൂടുതൽ ഗ്രാമങ്ങളിലേക്ക്, കൂടുതൽ വേലക്കാരുമായി, കൂടുതൽ വിശ്വാസികൾക്കായി നമുക്ക് മുന്നോട്ടുപോകാം. എന്തു ചെയ്താലും അതിന്റെ കാരണം കർത്താവിനോടുള്ള സ്നേഹം മാത്രമാകണം. സാമ്പത്തി

(ശേഷം പേജ് 12 - ൽ)



ഡോ. ജോർജ്ജ് സാമുവൽ

# മക്കളോടും സഹായികളോടുമൊപ്പം

എണ്ണത്തിൽ കൂടിവരുന്ന വൃദ്ധസദനങ്ങൾ നമുക്കു തരുന്ന സന്ദേശം മക്കളോടും സഹായികളോടുമൊപ്പം സ്വഭവനത്തിൽ വാർദ്ധക്യം ചിലവഴിക്കുന്നവരുടെ എണ്ണം കുറയുന്നുവെന്നാണ്. വ്യക്തിപരമായ കാര്യങ്ങളെല്ലാം സ്വന്തമായി നിർവ്വഹിക്കാൻ ആരോഗ്യമുള്ളവരെങ്കിൽ വാർദ്ധക്യത്തിന്റെ ഏകാന്തതയിലും കുടുംബാംഗങ്ങൾക്ക് അവരെ പരിചരിക്കുന്നതിൽ തീവ്രമായ ശ്രദ്ധ വേണ്ടിവരുന്നില്ല. ആവശ്യമായ ഭക്ഷണപാനീയങ്ങളും മരുന്നും ലഭ്യമാക്കിക്കൊടുക്കുന്നതായിരിക്കാം മുഖ്യ പരിചരണം. എന്നാൽ പരസഹായം ആവശ്യമായ ഘട്ടമാണെങ്കിൽ ഉറ്റവരുടെ സഹായവും സാമീപ്യവും തുടർച്ചയായി വേണ്ടിവന്നേക്കാം. വാർദ്ധക്യകാലത്തെ ആവശ്യങ്ങൾ അടുത്തുനിന്ന് നിർവ്വഹിച്ചുകൊടുക്കാൻ മക്കൾ സഹായികളെ ഏർപ്പെടുത്താറുണ്ട്. കുറേനാളുകൾ കഴിയുമ്പോൾ വാർദ്ധക്യം മൂലമുള്ള ചില പെരുമാറ്റ വൈകല്യങ്ങൾ സഹായികളെ മുഷിപ്പിക്കാനിടയുണ്ട്. അതുകൊണ്ട് സഹായികളോട് ആരോഗ്യകരമായ ബന്ധം പുലർത്തുവാനും അവരെ കഴിവതും മുഷിപ്പിക്കാതിരിക്കാനും ശ്രമിക്കേണ്ടതുണ്ട്. സഹായികളോട് നന്ദിയുള്ളവരായിരിക്കാനും അവരെ സ്നേഹിച്ചും അവരുടെ വാക്കുകൾ മാനിച്ചും പിറുപിറുപ്പു കൂടാതെ അവരുടെ സഹായം സന്തോഷത്തോടുകൂടി സ്വീകരിക്കുകയാണു വേണ്ടത്. യാതൊരു കാരണവശാലും സഹായികളെ വെറുപ്പിക്കാതിരിക്കുക. അവരിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാലും നമ്മുടെ വികാരങ്ങളെ (കോപം, പ്രതികാരചിന്ത, ശണ്ഠകൾ, വെറുപ്പും അകൽച്ചയും ഉളവാക്കുന്ന മുഖഭാവം) നിയന്ത്രിക്കുക. അവരോട് സ്നേഹത്തോടും സൗമനസ്യത്തോടുംകൂടെ പ്രതികരിക്കുക. നമ്മിൽനിന്ന് ഹൃദ്യമായ പ്രതികരണങ്ങളാണ് മറ്റുള്ളവരോടുണ്ടാകേണ്ടത്. വികാരങ്ങളെ നിയന്ത്രിക്കാനുള്ള ഉൾക്കരുത്ത് ഉണ്ടായാലേ അതിന് സാധിക്കുകയുള്ളൂ. എന്നാൽ വെറുപ്പുളവാക്കുന്ന രീതിയിൽ പെട്ടെന്ന് പ്രതികരിക്കാൻ പ്രത്യേക ശക്തിയൊന്നും വേണമെന്നില്ല. ആത്മബലവും ഉൾക്കരുത്തും രൂപപ്പെടുന്നതുമൂലം വികാരങ്ങളെ നിയന്ത്രിച്ച് പ്രതികരിക്കാൻ കഴിയുന്നു.

**പരിമിതികൾ മനസ്സിലാക്കി സഹായിക്കുക.**

പൂർവ്വകാലത്ത് ശാന്തരായി വളരെ മനഃസംയമനത്തോടെ മറ്റുള്ളവരോട് ഹൃദ്യമായി പെരുമാറിയിരുന്ന ചിലർ വാർദ്ധക്യത്തിൽ മറ്റുള്ളവരോട് നിഷേധാത്മകമായി പ്രതികരിക്കുന്നതായി കാണാം. പ്രായമാകുമ്പോൾ ശാരീരികമായ അസ്വസ്ഥതകൾക്ക്

അവർ ഉപയോഗിക്കുന്ന ചില മരുന്നുകൾ നാഡീ ഞരമ്പുകളുടെ ബലം കുറക്കുകയും കാര്യങ്ങൾ ശരിയായവിധം മനസ്സിലാക്കുന്നതിനുള്ള ശേഷി ക്കുറവുണ്ടാക്കുകയും ചെയ്യുന്നതാകാം ഇതിനു കാരണം. സഹായികളും ഭവനത്തിലുള്ളവരും ഇതു മനസ്സിലാക്കി സഹിഷ്ണുതയോടും ക്ഷമ യോടുംകൂടെ വർത്തിക്കേണ്ടിയിരിക്കുന്നു. വാർദ്ധ ക്യത്തിൽ പലപ്പോഴും യുക്തിയെക്കാൾ പ്രാധാന്യം വികാരത്തിനും തോന്നലുകൾക്കുമാകാം. ബൗദ്ധിക മായും യുക്തിസഹജമായും കാര്യങ്ങൾ ബോദ്ധ്യ പ്പെടുത്താൻ മറ്റുള്ളവർ ശ്രമിക്കുമ്പോൾ അത് അംഗീകരിക്കാൻ വൃദ്ധർക്ക് കാലതാമസം കണ്ടു വരുന്നു. ഈ പിടിവാശികൊണ്ട് എന്തെങ്കിലും തിക്താനുഭവങ്ങൾ ഉണ്ടായാൽ മാത്രമേ ഇക്കൂട്ടർ യുക്തിസഹജമായി ചിന്തിക്കുകയും പ്രവർത്തിക്കു കയും ചെയ്യുകയുള്ളൂ. അവരുടെ വികലമായ നിഗമനത്തെ വിമർശിച്ച് അപകടത്തിലേക്കു നയി ക്കാതെ, തക്കസമയത്ത് തിരുത്തലുകൾ വരുത്താൻ സ്നേഹപൂർവ്വം പരിശ്രമിക്കേണ്ടതാണ്. കുട്ടിക ളെപ്പോലെ വൃദ്ധരും കുടുംബാംഗങ്ങളിൽനിന്നു സ്നേഹം പ്രതീക്ഷിക്കുന്നവരാണ്. ഉള്ളിൽ സ്നേഹം ഉണ്ടെന്നു പറഞ്ഞ് പുറമേ പരുക്കനാ കാതെ വാക്കുകളിലൂടെയോ ഒരു തലോടലിലൂ ടെയോ അവരെ അതു ബോധ്യമാക്കുക. അവ രുടെ ആവശ്യങ്ങൾ സൂക്ഷ്മതയോടെ വിലയി രുത്തി നിറവേറ്റിക്കൊടുക്കുക. മാതാപിതാക്കളുടെ സ്വത്ത് കൈവശപ്പെടുത്താൻ പ്രകടിപ്പിക്കുന്ന സ്നേഹത്തിലുപരിയായി അവരെ ആത്മാർത്ഥ മായി സ്നേഹിക്കുന്നുണ്ടെന്ന് സംസാരത്തിലൂടെ യും അവരുടെ ചോദ്യങ്ങൾക്ക് സ്നേഹത്തോടെ ഉത്തരം നൽകുന്നതിലൂടെയും ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് സഹായിക്കുന്നതിലൂടെയും വെളി പ്പെടുത്താവുന്നതാണ്.

ദൈവത്തിലേക്കും ദൈവവചനത്തിലേക്കും വൃദ്ധരുടെ ശ്രദ്ധ തിരിക്കുന്നതിൽ മക്കൾക്കും സഹാ യികൾക്കും പങ്കുവഹിക്കാവുന്നതാണ്. കാഴ്ച ക്കുറവുമൂലം വായിക്കാനും എഴുതാനും പ്രയാസ മുള്ളവരെ ദൈവവചനവും ആത്മീയ സത്യങ്ങളും വായിച്ചുകേൾപ്പിക്കുക. തങ്ങളുടെ മാതാപിതാ ക്കൾക്ക് ആത്മീയമായി പ്രയോജനമുണ്ടാകുവാ നുതകുന്ന വിധം ആധുനിക കാലത്തെ ദൃശ്യശ്ര വ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക. ആത്മീയ മായും മാനസികമായും അവരെ പ്രബുദ്ധരാക്കു വാൻ അവരോടൊപ്പമിരുന്ന് ഗീതങ്ങൾ ആലപി ക്കാനും ദൈവവചനസത്യങ്ങൾ ഉരുവിടാനും പ്രാർത്ഥിക്കാനും ഒപ്പം താമസിക്കുന്നവർക്ക് കഴി യുമല്ലോ. എന്നാൽ ആധുനികകാലത്തെ സമയ പരിമിതികൾ കണക്കിലെടുത്ത് ഭവനത്തിലുള്ള വരോട് ഓരോ കാര്യങ്ങൾ നിവർത്തിക്കുവാൻ അപേക്ഷിക്കുന്നത് നിർബന്ധബുദ്ധിയോടെ അവ രുടെ ജോലിസമയം സംബന്ധിച്ച് പരിമിതികളു ള്ളതുകൊണ്ട് വാർദ്ധക്യത്തിൽ മറ്റുള്ളവരെ നിർ ബന്ധിക്കാതെ ക്ഷമയോടും കരുതലോടും കാത്തി രിക്കുകയും പ്രസ്തുത വേളകൾ നല്ല കാര്യങ്ങൾ ചിന്തിക്കുന്നതിനായി പ്രയോജനപ്പെടുത്തുകയും ചെയ്യാം.

**മക്കൾ മാതാപിതാക്കളെ കരുതണമെന്ന ദൈവ വചന നിർദ്ദേശം**

ദൈവം തന്റെ ജനത്തിന് പല കല്പനകൾ കൊടുത്ത കൂട്ടത്തിൽ "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായു സ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" (പുറ 20:12) എന്നു നാം കാണുന്നു. പുരാതന കാലത്ത് വൃദ്ധരായ മാതാ പിതാക്കളെ വേണ്ടതുപോലെ കരുതാതിരുന്ന പശ്ചാത്തലമായിരിക്കാം ദൈവജനങ്ങൾക്ക് ഈ കല്പന നൽകിയതിനു പിന്നിൽ. ചില പുരാതന സമൂഹങ്ങളിൽ നിരാലംബരായ മാതാപിതാക്കളെ പ്രത്യേകിച്ച് അവരുടെ വാർദ്ധക്യകാലത്ത് വഴി യിൽ തള്ളുമായിരുന്നു.

മാതാപിതാക്കളെ പരിപാലിക്കുന്നതു സംബ ന്ധിച്ച് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന ചില ഭാഗങ്ങൾ ശ്രദ്ധിക്കാം.

"വൃദ്ധരുടെ മുമ്പിൽ എഴുന്നേൽക്കുക. മൂപ്പുള്ള വരോട് ബഹുമാനം കാണിക്കുക." (ലേവ്യ. 19:32)

"പ്രായം ചെന്നവനെ ശകാരിക്കാതെ, പിതാവിനെ എന്നപോലെ പ്രബോധിപ്പിക്കുക." 1 തിമൊ. 5:1)

"അപ്പനെയോ, അമ്മയെയോ ശപിക്കുന്നവൻ മരണശേഷം അനുഭവിക്കേണം." (പുറ. 21:17, ലേവ്യ. 20:9, മർക്കൊ. 7:10)

മേൽപ്പറഞ്ഞ ദൈവവചനങ്ങൾ കൂടാതെ മറ്റു ഭാഗങ്ങളിലും മാതാപിതാക്കളെ കരുതേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നുണ്ട്. ഈ ലോക ജീവിതത്തിലെ അവസാനനിമിഷം കർത്താവു തന്നെ നമുക്ക് മാതൃക കാട്ടിയത് യോഹ. 19:26-27ൽ വായിക്കുന്നു. "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നതു കണ്ടിട്ട്: സ്ത്രീയേ, ഇതാ നിന്റെ മകൻ എന്ന് അമ്മയോട് പറഞ്ഞു. പിന്നെ ശിഷ്യനോട്: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു." നിസ്വാർത്ഥ സ്നേഹത്തോടെ മാതാപിതാക്കളെ മക്കൾ ശുശ്രൂ ഷിക്കുന്നത് ദൈവപ്രസാദമാകുന്നു. ദൈവം അനുഗ്ര ഹിക്കട്ടെ.

●●●



# ജ്വാലയുടെ സൂക്ഷിപ്പുകാർ

ഡോ. നെൽസൺ മാത്യു
വാലയിൽ

പുരാതന ഗ്രീസിലെ ഒളിമ്പിയ എന്ന വിശുദ്ധ സ്ഥലത്താണ് ഒളിമ്പിക്ഗെയിംസ് നടന്നിരുന്നത്. ഒളിമ്പിക് ഗെയിംസിനോടനുബന്ധിച്ചുള്ള ഒരു പാരമ്പര്യചടങ്ങാണ് ഒളിമ്പിക്ജ്വാല കത്തിക്കുന്നത്. ജ്വാലയുടെ പരിശുദ്ധി ഉറപ്പാക്കുവാൻ ഒരു പാരബോളിക് മിറർ ഉപയോഗിച്ച് സൂര്യരശ്മികളെ കേന്ദ്രീകരിപ്പിച്ചാണ് തീയുണ്ടാക്കി ജ്വലിപ്പിച്ചിരുന്നത്. ഈ ജ്വാല ഗെയിംസ് അവസാനിക്കുന്നതുവരെ കത്തിക്കൊണ്ടിരിക്കും. 1936-ൽ ബെർലിൻ ഒളിമ്പിക്സിലാണ് ഒളിമ്പിക് ടോർച്ച് റിലേ ആദ്യമായി അരങ്ങേറിയത്. ഒളിമ്പിക് ഗെയിംസിനു മുന്നോടിയായി ഒളിമ്പിയയിൽനിന്നും ഗെയിംസ് നടക്കുന്നസ്ഥലത്തേക്ക് പന്തം വഹിച്ചുകൊണ്ടുള്ള ഓട്ടക്കാരുടെ ഒരു നീണ്ട റിലേ. ഇങ്ങനെ ഒരിടത്ത് നിന്നും മറ്റൊരിടത്തേക്ക് ടോർച്ച് കൊണ്ടുപോകുന്നവരെ പലപ്പോഴും "Guardians of the Flame' (ജ്വാലയുടെ കാവൽക്കാർ) എന്നാണ് വിളിക്കുന്നത്. തീ കത്തുന്നുണ്ടെന്നു ഉറപ്പാക്കുകയും അടുത്ത ഓട്ടക്കാരന് കൈമാറുകയും ചെയ്യുക എന്നതാണ് ഇവരുടെ ഉത്തരവാദിത്തം. തീ ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ അതങ്ങനെ ചെയ്യും.

1. വിശ്വാസം കൈമാറുക

മനസ്സിലാക്കിയിട്ടുണ്ടോ? ക്രിസ്തീയ ജീവിതത്തിൽ നാമും ജ്വാലയുടെ കാവൽക്കാരാണ്. നമുക്കുമുണ്ട് ജ്വാലയും അതു വഹിച്ചുള്ള ഓട്ടവും അതിന്റെ കൈമാറലും. യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ജ്വാലയുടെ കാവൽക്കാരാണ് നാം. ജ്വാല നമ്മിൽ ജ്വലിക്കണം. എന്നിട്ട് ബാറ്റൺ അടുത്ത തലമുറയ്ക്കു കൈമാറണം. എന്താണ് തലമുറക്ക് വെച്ചിട്ടു പോകുന്നത്? എന്താണ് നാം കൈമാറേണ്ടത്? "ഗുണവാൻ മക്കളുടെ മക്കൾക്ക് അവകാശം വെച്ചേക്കുന്നു" (സദൃശവാക്യങ്ങൾ 13:22). ഒരു നല്ല വേലക്കാരൻ വെച്ചിട്ടുപോകേണ്ടത് കേവലം ലൗകിക അനുഗ്രഹങ്ങളുടെ കൂമ്പാരങ്ങളല്ല; മറിച്ച്, ആത്മീയ അനുഗ്രഹങ്ങളുടെ പൈതൃകമാണ്.

ക്രിസ്തുവിന്റെ ഭവനത്തിലെ അവകാശമാകട്ടെ നമ്മുടെ മക്കൾക്കും കൊച്ചുമക്കൾക്കും നാം ഭരമേൽപ്പിക്കുന്നത്. സ്വർഗ്ഗീയപൗരത്വത്തിനായി ഓരോ പടിയും നാം കയറുമ്പോൾ നമ്മുടെ തലമുറ പിന്നാലെയുണ്ടോ എന്ന് ഇടക്കെല്ലാം തിരിഞ്ഞു നോക്കണം. മനഃസാക്ഷി നമ്മെ കുറ്റംവിധിക്കാത്ത വിധം തലമുറകളുടെ ആത്മീയ നന്മെക്കായി ചെയ്യാവുന്നതെല്ലാം ചെയ്യണം. ദൈവത്തിലുള്ള അചഞ്ചലമായതും വിട്ടുവീഴ്ചയില്ലാത്തതുമായ വിശ്വാസത്തിന്റെ ഒരു പാരമ്പര്യം നാം പിൻതലമുറെക്കു കൈമാറണം.

"ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ചു നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായിരിക്കയും വേണം. വീട്ടിൽ ഇരിക്കുമ്പോഴും വഴി

നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും നിങ്ങൾ അവയെക്കുറിച്ചു സംസാരിച്ചുകൊണ്ടു നിങ്ങളുടെ മക്കൾക്കു അവയെ ഉപദേശിച്ചുകൊടുക്കേണം. യഹോവ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു അവരോടു സത്യം ചെയ്ത ദേശത്തു നിങ്ങളും നിങ്ങളുടെ മക്കളും ഭൂമിക്കുമീതെ ആകാശമുള്ള കാലത്തോളം ദീർഘായുസ്സോടിരിക്കേണ്ടതിന്നു അവയെ നിന്റെ വീട്ടിന്റെ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതേണം" (ആവർത്തനപുസ്തകം 11:18-21). ചുരുക്കം ഇത്രയേ ഉള്ളൂ - തലമുറയെ അറിയിക്കുക. അവരെ ഉപദേശിക്കുക. യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മുടെ സ്വത്വവും പൈതൃകവുമാക്കുക. നമ്മിൽ ഒതുക്കിത്തീർക്കാതെ ഈ പൈതൃകത്തെ കൈമാറുക.

"യോർദ്ദാനിൽനിന്നു എടുത്ത പന്ത്രണ്ടു കല്ലു യോശുവ ഗില്ഗാലിൽ നാട്ടി, യിസ്രായേൽമക്കളോടു പറഞ്ഞത് എന്തെന്നാൽ; ഈ കല്ല് എന്ത് എന്നു വരുംകാലത്ത് നിങ്ങളുടെ മക്കൾ പിതാക്കന്മാരോടു ചോദിച്ചാൽ: യിസ്രായേൽ ഉണങ്ങിയ നിലത്തുകൂടി ഈ യോർദ്ദാന്നിക്കരെ കടന്നു എന്ന് നിങ്ങളുടെ മക്കളോടു പറയേണം" (യോശുവ 4:20-22). ദൈവം നടത്തിയതിന്റെ അനുഭവങ്ങളെ മക്കളോട് പറയണം. കർത്താവിനോടുള്ള സ്നേഹത്തെപ്രതി, അവന്റെ ശുശ്രൂഷയോടുള്ള സമർപ്പണത്തെപ്രതി ഏറ്റെടുത്ത കഷ്ടതയുടെയും വിയർപ്പിന്റെയും ത്യാഗത്തിന്റെയും വഴികളെ അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. ആത്മീയമായി ചില ഗില്ഗാൽ നാം നാട്ടണം. അത് തലമുറക്കു കൈമാറുന്ന നമ്മുടെ സന്ദേശമായിരിക്കട്ടെ.

അപ്പൊസ്തലനായ പൌലൊസ് തിമൊഥെയൊസിനു എഴുതുമ്പോൾ ഇങ്ങനെ പറഞ്ഞു. "ദൈവത്തിന് നിന്റെ നിർവ്യാജവിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനീക്കയിലും ഉണ്ടായിരുന്നു; നിന്നിലും ഉണ്ടെന്നു ഞാൻ ഉറെച്ചിരിക്കുന്നു. തിമൊഥെയൊസിന്റെ കുടുംബത്തിൽ മൂന്ന് തലമുറകളിലായി തെളിഞ്ഞുനിന്ന ദൈവത്തോടുള്ള നിർവ്യാജ സ്നേഹത്തെ പൌലൊസ് സാക്ഷീകരിക്കുന്നു. ഇതൊരു അനുഗ്രഹിക്കപ്പെട്ട അവസ്ഥയാണ്. ജ്വാലയുടെ ഒരു നല്ല കാവൽക്കാരിയായ അമ്മ അത് മകൾക്കു കൈമാറി. അപ്രകാരം മകൾ തന്റെ മകനു കൈമാറി. വിശ്വാസത്തിന്റെ ബാറ്റൺ തലമുറകൾക്കു കൈമാറി. പ്രാർത്ഥിക്കുന്ന, ദൈവത്തിൽ വിശ്വസിക്കുന്ന, പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കുന്ന മുത്തശ്ശിയെയും അമ്മയെയും കണ്ടുകൊണ്ടാണ് തിമൊഥെയൊസ് വളർന്നത്. ഈ തിമൊഥെയൊസ് പൌലൊസിന്റെ വിശ്വാസത്താലുള്ള നിജപുത്രനായിത്തീർന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. വിശ്വാസത്തെ അറിയിക്കുക മാത്രമല്ല, അത് തങ്ങളുടെ ജീവിതാനുഭവങ്ങളിൽ പ്രാവർത്തികമാക്കുകയുംചെയ്യുന്ന ഭവനങ്ങളിൽനിന്നും വിശ്വാസികളായ മക്കൾ വളർന്നുവരുന്നത് സ്വാഭാവികമാണ്. അതിന് മക്കളെ പരിശീലിപ്പിക്കേണ്ടത് ഓരോ ക്രിസ്തീയഭവനത്തിന്റെയും ഉത്തരവാദിത്തമാണ്. മക്കളിൽ ആത്മീയമായ സ്വാധീനം പിതാവിനെക്കാൾ കൂടുതൽ ചെലുത്തുവാൻ മാതാവിനു കഴിയും എന്നാണ് ഞാൻ കരുതുന്നത്. മാതാപിതാക്കൾ വാക്കുകളിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെയും വിശ്വാസം പ്രകടമാക്കണം. പ്രതിസന്ധികളിൽ മാതാപിതാക്കൾ ദൈവത്തിലാശ്രയിക്കുന്നതും ദൈവം അവരുടെ ജീവിതത്തിൽ ഇടപെടുന്നതും കണ്ട് മക്കൾ വളരണം.

അപ്രകാരം നാം നമ്മുടെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ജ്വാലയെ കൈമാറുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കണം.

**2. ശുശ്രൂഷ കൈമാറണം**

വിശ്വാസം കൈമാറുംപോലെ ശുശ്രൂഷയും കൈമാറപ്പെടണം. മോശെ യോശുവക്ക് കൈമാറി. ദാവീദ് ശലോമോന് കൈമാറി. ഏലീയാവു എലീശക്കു കൈമാറി. യേശു ശിഷ്യന്മാർക്കു കൈമാറി. പൌലൊസ് തിമൊഥെയൊസിനും മറ്റുള്ളവർക്കും കൈമാറി. നാം മാറിയാലും ശുശ്രൂഷ നിന്നുപോകരുത്. യോശുവക്കിതു ഫലപ്രദമായി ചെയ്യാൻ കഴിഞ്ഞില്ല. എന്തുണ്ടായി "യോശുവയുടെ കാലത്തൊക്കെയും യോശുവ കഴിഞ്ഞിട്ട് ഏറിയനാൾ ജീവിച്ചിരുന്നവരായി യഹോവ യിസ്രായേലിന്നുവേണ്ടി ചെയ്ത മഹാപ്രവൃത്തികളൊക്കെയും കണ്ടിട്ടുള്ളവരായ മൂപ്പന്മാരുടെ കാലത്തൊക്കെയും ജനം യഹോവയെ സേവിച്ചു. എന്നാൽ യഹോവയുടെ ദാസനായി നൂന്റെ മകനായ യോശുവ നൂറ്റിപ്പത്തു വയസ്സുള്ളവനായി മരിച്ചു..." (ന്യായാധിപൻമാർ 2:7,8) പിന്നെ ആ തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു; അവരുടെ ശേഷം യഹോവയെയും അവൻ യിസ്രായേലിന്നു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും അറിയാത്ത വേറൊരു തലമുറ ഉണ്ടായി (ന്യായാധിപന്മാർ 2:7-10). ദൈവത്തെ അറിയാത്ത മറ്റൊരു തലമുറ ഉണ്ടാകാതെയിരിപ്പാൻ നമ്മുടെ വിശ്വാസവും ശുശ്രൂഷയും കൈമാറപ്പെടണം. നമ്മൾ മാറിയാലും മരിച്ചാലും ശുശ്രൂഷ അവിടെ അവസാനിക്കരുത്. ജ്വാല അതിന്റെ ലക്ഷ്യസ്ഥാനത്തെത്തും വരെ ബാറ്റൺ കൈമാറി പോകണം.

നമ്മുടെ ഉള്ളിൽ ദൈവം ആരംഭിച്ച ആ ജ്വാല അണഞ്ഞുപോകാതെ മറ്റുള്ളവരിലേക്ക് പകരാൻ ദൈവമേ കൃപ തരണമെ എന്ന് പ്രാർത്ഥിക്കാം. ഇന്നത്തെ സ്ഥിതിയോർത്ത് മനഃപ്രയാസപ്പെടേണ്ട. പ്രാർത്ഥിക്കാം.. സമർപ്പിക്കാം.. ജാഗരിക്കാം.. നാം വഹിക്കുന്ന ജ്വാലക്കു നമ്മെ മാറ്റുവാൻ കഴിയും; ലോകത്തെ സ്വാധീനിക്കുവാനും. *എന്നിലെ ജ്വാല ജ്വലിക്കട്ടെ. എന്നിലെ ജ്വാല കൈമാറപ്പെടട്ടെ.* ജ്വാലയുടെ നല്ല സൂക്ഷിപ്പുകാരായിരിപ്പാൻ നമുക്കൊരുങ്ങാം... ●●●

# WHATSAPP

## പ്രതിസന്ധി വരുമ്പോൾ ചെയ്യേണ്ടത്

ഒരു theatre ഒരു Announcement കൊടുത്തു, അടുത്ത സിനിമ പ്രദർശിപ്പിക്കുന്നതിനു മുൻപ് പത്തു മിനിറ്റ് ദൈർഘ്യം ഉള്ള ഒരു award short Film കാണിക്കുമെന്ന്. ഇതു കേട്ട, സിനിമ കാണാൻവന്ന ആളുകൾ പത്തു മിനിറ്റ് മുൻപ് തന്നെ theatre-നു അകത്ത് വന്നിരുന്നു.

എല്ലാവരും തീയറ്ററിനുള്ളിൽ പ്രവേശിച്ചുകഴിഞ്ഞപ്പോൾ ആ സ്ക്രീനിൽ എഴുതിക്കാണിക്കുകയാണ്, 'ഇപ്പോൾ അവാർഡ് നേടിയ പത്തു മിനിറ്റ് ഉള്ള short film തുടങ്ങുന്നു' എന്ന്.


അവാർഡ് നേടിയ short film തുടങ്ങാൻ പോവുകയാണ് എന്ന് അറിഞ്ഞു വന്നവർ എല്ലാവർക്കും സന്തോഷമായി. അവർ സ്ക്രീനിലേക്ക് തന്നെ നോക്കി ഇരിക്കുകയാണ്. അപ്പോൾ കാണുന്നത് ഒരു മുറിയുടെ ceiling ആണ്. അവർ ആ ceiling ലേക്ക് തന്നെ നോക്കി ഇരിക്കാൻ തുടങ്ങി കഥ എങ്ങോട്ടു പോകുമെന്ന് അറിയാൻ. ഒരു മിനിറ്റ്, രണ്ടു മിനിറ്റ്, മൂന്ന് മിനിറ്റ് ആയിട്ടും ഈ ceiling തന്നെ ആണ് സ്ക്രീനിൽ കാണിച്ചുകൊണ്ടിരിക്കുന്നത്.

അപ്പോൾ അവിടെ ഇരുന്ന ആളുകൾക്ക് ഒക്കെ ദേഷ്യംവരാൻ തുടങ്ങി, ഇതെന്താ നാല് മിനിറ്റ് ആയിട്ടും ceiling മാത്രം കാണിക്കുന്നത്. നാലു മിനിറ്റ് അഞ്ചു മിനിറ്റ് ആകുന്നു, അഞ്ചു മിനിറ്റ് ആറു മിനിറ്റ് ആകുന്നു, ആറു മിനിറ്റ് ഏഴു മിനിറ്റ് ആകുന്നു, ഇങ്ങനെ മുന്നോട്ടു പോകുന്തോറും അവിടെ ഇരുന്ന ആളുകൾ ഒക്കെ പറയാൻ തുടങ്ങി, ഇത് ആരാണ് നിർമ്മിച്ചത്, ഏതു ജൂറിയാണ് ഇതിനു അവാർഡ് കൊടുത്ത്, എന്ത് short film ആണ് ഇത്, ഇങ്ങനെ അവർ ദേഷ്യത്തോടെ തമ്മിൽ തമ്മിൽ സംസാരിച്ചുകൊണ്ട് ഇരിക്കുകയാണ്. എല്ലാവരുടെയും മുഖത്ത് ദേഷ്യം പ്രകടമാണ്.

ഈ സമയത്തു സ്ക്രീനിൽ ceiling-ൽ നിന്ന് ഒരു ക്യാമറ താഴേക്ക് വരുകയാണ്. അവിടെ ഒരു കട്ടിലിൽ കിടക്കുന്ന ഒരു രോഗിയെ ആണ് കാണിക്കുന്നത്. നട്ടെല്ലിന് എന്തോ തകരാറു പറ്റി, അനങ്ങാൻ പറ്റാത്ത അവസ്ഥയിൽ കിടക്കുന്ന ഒരു രോഗി. അദ്ദേഹത്തിന് ഒന്ന് അനങ്ങാൻപോലും പറ്റുന്നില്ല. ഇതിനുശേഷം ആ ക്യാമറ വീണ്ടും ceiling ലേക്ക് വരുകയാണ്. ഉടനെ സ്ക്രീനിൽ എഴുതിക്കാണിക്കുകയാണ്, "നിങ്ങൾ എട്ടോ, ഒൻപതോ മിനിറ്റ് ഈ കാഴ്ച്ച മാത്രം കണ്ടപ്പോൾത്തന്നെ നിങ്ങളുടെ മനസ്സ് ആകെ വേദനിച്ചു. നിങ്ങൾക്കു ആകെ ദേഷ്യം വന്നു, ഇവിടെനിന്ന് എഴുന്നേറ്റു പോകാൻ തോന്നി. എന്നാൽ നിങ്ങൾ കണ്ട ഈ രോഗി ഇനി വർഷങ്ങൾ ആദ്ദേഹത്തിന്റെ ഓരോ ദിവസത്തെയും, 24 മണിക്കൂറും കാണേണ്ട കാഴ്ച മുകളിൽ ഉള്ള ഈ ceiling മാത്രമാണ്.

ചോദ്യം എല്ലാരോടും ആണ്. ചിലപ്പോൾ ജീവിതത്തിൽ ചില പ്രതിസന്ധി വരുമ്പോൾ, ഒരുപാടു സ്ഥലത്തു ഓടിനടന്ന സ്ഥാനത്തു ഇപ്പോൾ കുറച്ചു സ്ഥലത്തു മാത്രം ഒതുങ്ങേണ്ട അവസ്ഥ. അപ്പോൾ, എല്ലാവരും ചിന്തിക്കുന്ന കാര്യമാണ് 'എന്റെ ജീവിതം ഇങ്ങനെ ആയിപ്പോയല്ലോ' എന്ന്. ഇങ്ങനെയാണ് നിങ്ങൾ ചിന്തിക്കുന്നതെങ്കിൽ അത് വലിയ ഒരു അബദ്ധം ആണ്. കാരണം യാതൊരു കാഴ്ചയും കാണാതെ, ഇതുപോലെ ceiling മാത്രം കണ്ടു കിടക്കുന്ന ധാരാളം ആളുകൾ ഈ ലോകത്തുണ്ട്. അതുകൊണ്ട് ചില പ്രതിസന്ധികൾ മൂലം ചിലപ്പോൾ ഒരു സ്ഥലത്തു, അല്ലെങ്കിൽ കുറച്ചു സ്ഥലത്തു ഒതുങ്ങേണ്ടിവരുമ്പോൾ, ഒരിക്കലും തളരരുത്. നിങ്ങളുടെ മനസ്സിനെ ആ കുറച്ചുസ്ഥലത്തു മാത്രം ഒതുക്കരുത്. ഇത് താൽക്കാലിക പ്രതിസന്ധികൾ ആണെന്ന് തിരിച്ചറിഞ്ഞ്, ഈ കാലഘട്ടവും കഴിഞ്ഞുപോകും എന്ന് ചിന്തിക്കുക. നമുക്ക് നഷ്ടപ്പെട്ടത് ഒക്കെ തിരിച്ചുപിടിക്കാൻ സാധിക്കും.

അതിശക്തമായ, മനോഹരമായ ഒരു കാലഘട്ടത്തിലേക്ക് കടക്കുമ്പോൾ അതിശക്തമായ കാര്യങ്ങൾ ചെയ്യാനും, നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ എല്ലാം നേടിയെടുക്കാനും സാധിക്കും. എന്നാൽ മനസ്സിന്റെ ശക്തി, അത് ക്ഷയിക്കാൻ അനുവദിക്കാതെ ഇ പ്രതിസന്ധി വരുന്ന കാലഘട്ടത്തിൽ, അപ്പോൾ എന്തൊക്കെ ചെയ്യാൻ സാധിക്കും? ഈ കാലഘട്ടം കഴിയുമ്പോൾ എന്ത് ചെയ്യണം? എന്തൊക്കെ മാറ്റങ്ങൾ ആണ് ഞാൻ വരുത്തേണ്ടത്? മനസ്സിലാക്കി ഒന്ന് എഴുതിവച്ച് അതിനു തയ്യാറാകാൻ ഈ സമയങ്ങൾ ഉപയോഗിക്കുക.



"സത്യം മനസ്സിലായിട്ടും സത്യത്തെ കണ്ടിട്ടും കള്ളങ്ങൾ മാത്രം വിശ്വസിക്കുന്നവനാണ് വിഡ്ഢി."

– മോർഗൻ ഫ്രീമാൻ –

# എന്റെ ചോദ്യം

## മരിക്കുമ്പോൾ വാസ്തവത്തിൽ ഞാൻ സ്വർഗ്ഗത്തിലെത്തും എന്ന് എനിക്ക് എങ്ങനെ അറിയാനൊക്കും?

ഈ കാര്യങ്ങളെപ്പറ്റി നിങ്ങൾ ഉറപ്പുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. "ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇത് എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ" (1യോഹന്നാൻ 5:13). ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ മുൻപിൽ നില്ക്കുകയും ദൈവം നിങ്ങളോട് ഇങ്ങനെ ചോദിക്കുകയും ചെയ്യുന്നു എന്ന് കരുതുക: "എന്തുകൊണ്ട് ഞാൻ നിന്നെ സ്വർഗ്ഗത്തിൽ പോകുവാൻ അനുവദിക്കണം?" നിങ്ങളുടെ മറുപടി എന്തായിരിക്കും? ഒരു പക്ഷേ എന്താണ് മറുപടി പറയേണ്ടത് എന്ന് നിങ്ങൾക്കറിഞ്ഞുകൂടായിരിക്കാം. നിങ്ങൾ അറിയേണ്ട ഒരുകാര്യം ഉണ്ട്. അതെന്തെന്നാൽ, ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും നാം നിത്യത എവിടെ ചെലവഴിക്കും എന്നത് അറിയുവാനുള്ള ഒരു വഴിയും ദൈവം ഒരുക്കിയിട്ടുണ്ട് എന്നതുതന്നെ. സത്യവേദപുസ്തകം ഇങ്ങനെയാണ് അതേപ്പറ്റി പറഞ്ഞിരിക്കുന്നത്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).

സ്വർഗ്ഗം നമുക്ക് അസാദ്ധ്യമായിരിക്കുന്നത് ഏതുപ്രശ്നം കൊണ്ടാണെന്ന് ആദ്യം നാം മനസ്സിലാക്കണം. നമ്മുടെ പാപപ്രകൃതി നമ്മെ ദൈവത്തിൽനിന്ന് അകറ്റിയിരിക്കുന്നു എന്നതാണ് പ്രശ്നം. നമ്മുടെ പ്രകൃതികൊണ്ടും പ്രവർത്തികൊണ്ടും നാം പാപികളാണ്. "എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമർ 3:23). നമ്മെത്തന്നേ രക്ഷിക്കുവാൻ നമുക്ക് അസാദ്ധ്യമാണ്. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിന്നും നിങ്ങൾ കാരണമല്ല: ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫെസ്യർ 2:8,9). നാമെല്ലാം മരണവും നരകവും മാത്രം അർഹിക്കുന്നവരാണ്. "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 6:23).

ദൈവം പരിശുദ്ധനും നീതിമാനും ആകയാൽ താൻ പാപത്തെ ശിക്ഷിക്കതന്നെ ചെയ്യും; എന്നാൽ താൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമ്മോടു ക്ഷമിക്കുവാൻ അവിടുന്ന് ഒരു മാർഗ്ഗം പ്രദാനംചെയ്തിട്ടുണ്ട്. യേശുകർത്താവു പറഞ്ഞു: "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). യേശുകർത്താവ് നമുക്കായി ക്രൂശിൽ മരിച്ചു. "ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിന്നു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപംനിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു." (1 പത്രൊസ് 3:18). എന്നാൽ യേശുകർത്താവ് മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റു. "നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്നു" (റോമർ.4:24).

അതുകൊണ്ട് നമുക്ക് വീണ്ടും ആദ്യത്തെ ചോദ്യത്തിലേക്ക് തിരിച്ചുപോകാം. "മരിക്കുമ്പോൾ ഞാൻ സ്വർഗ്ഗത്തിൽ പോകും എന്നത് എനിക്ക് എങ്ങനെ ഉറപ്പായി അറിയാനൊക്കും? "അതിന് ഉത്തരം ഇതാണ്. "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും". (അപ്പൊ. പ്രവൃ. 16:31) "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹന്നാൻ 1:12). നിത്യജീവൻ സൗജന്യമായി നിങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" (റോമർ 6:23). പൂർണ്ണതയുള്ള അർത്ഥസമ്പൂർണ്ണമായ ഒരു ജീവിതം നിങ്ങൾക്ക് ഇപ്പോൾ തന്നെ നയിക്കാവുന്നതാണ്. യേശുകർത്താവു പറഞ്ഞു: "അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും" (യോഹന്നാൻ 10:10). നിങ്ങളുടെ നിത്യത നിങ്ങൾക്ക് യേശുകർത്താവുമൊത്ത് സ്വർഗ്ഗത്തിൽ ചെലവിടാനൊക്കും. "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." (യോഹന്നാൽ 14:3)

നിങ്ങൾക്ക്, യേശുകർത്താവിനെ രക്ഷകനായി സ്വീകരിച്ച് പാപക്ഷമ കൈവരിക്കണമെങ്കിൽ ഈ പ്രാർത്ഥന ഹൃദയത്തിന്റെ ആഴത്തിൽനിന്ന് പ്രാർത്ഥിക്കുക. ഈ പ്രാർത്ഥനയോ മറ്റേതെങ്കിലും പ്രാർത്ഥനയോ നിങ്ങളെ രക്ഷിക്കയില്ല. ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസമാണ് നിങ്ങളെ രക്ഷിക്കുന്നത്. നിങ്ങളുടെ വിശ്വാസം വെളിപ്പെടുത്തുവാനുള്ള ഒരു ലളിതമാർഗ്ഗം മാത്രമാണ് ഈ പ്രാർത്ഥന. 'കർത്താവേ, ഞാൻ നിന്റെ മുമ്പാകെ തെറ്റുകാരനാണെന്നും ശിക്ഷായോഗ്യനാണെന്നും മനസ്സിലാക്കുന്നു. യേശുകർത്താവ് എന്റെ പാപപരിഹാരാർത്ഥം ക്രൂശിൽ മരിച്ചുയിർത്തെന്നും അവനിലുള്ള വിശ്വാസം മൂലം പാപക്ഷമ ലഭ്യമാണെന്നും ഞാൻ വിശ്വസിക്കുന്നു. കർത്താവേ, നീ എന്നെ രക്ഷിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. പാപക്ഷമക്കായും കൃപക്കായും നന്ദി. ആമേൻ!!!

(source: www.gotquestions.org)

**ഗോസ്പൽ മെസഞ്ചർ മാസിക വാട്ട്സാപ്പിലൂടെ ലഭിക്കുന്നതാണ്.**
**Gospel Messenger എന്ന് എഴുതി പേരും സ്ഥലവും ഉൾപ്പെടുത്തി 8281616654 എന്ന നമ്പറിലേക്ക് Whatsapp സന്ദേശമയക്കുക.**



തുടർച്ച...

# ദൈവത്തിന്റെ ഏലീയാവുമാർ എവിടെ?

**ലിനാർഡ് റാവൻഹിൽ**

"ഏലീയാവിന്റെ യഹോവയായ ദൈവം എവിടെ" എന്ന ചോദ്യത്തിന് "അവിടുന്ന് എപ്പോഴും എവിടെയായിരുന്നുവോ അവിടെത്തന്നെ – സിംഹാസനത്തിൽ" എന്നു നാം മറുപടി പറയും. എന്നാൽ ദൈവത്തിന്റെ ഏലീയാവുമാർ എവിടെ? ഏലീയാവു നമുക്കു സമസ്വഭാവമുള്ളവനായിരുന്നു എന്നു നമുക്കറിയാം. എന്നാൽ നാം അവനു തുല്യം പ്രാർത്ഥനാ മനുഷ്യരല്ല എന്നതാണു കഷ്ടം. പ്രാർത്ഥിക്കുന്നവൻ ദൈവത്തോടുകൂടെ ഭൂരിപക്ഷമായി നിലകൊള്ളുന്നു. ഇന്നു ദൈവം മനുഷ്യരെ മറികടന്നു പോകുന്നു. അവർ കേവലം അജ്ഞന്മാരായതിനാലല്ല, പിന്നെയോ അവർ ഏറെ സ്വയം പര്യാപ്തരായിരിക്കയാലാണ്. സഹോദരന്മാരെ, നമ്മുടെ കഴിവുകളാണു നമ്മുടെ പ്രതിബന്ധങ്ങൾ, നമ്മുടെ നിപുണതകളാണ് നമ്മുടെ തടങ്കൽ പാറകൾ!

അവ്യക്തതയിൽ നിന്നാണ്, പൂർണ്ണവളർച്ച പ്രാപിച്ച പുരുഷനായി പഴയനിയമരംഗത്തേക്ക് ഏലീയാവു കടന്നുവന്നത്. നരകത്തിന്റെ പുത്രിയായ ഈസേബെൽ രാജ്ഞി ദൈവത്തിന്റ പുരോഹിതന്മാരെ പിഴുതെടുത്തു കളഞ്ഞു. തൽസ്ഥാനത്ത് ദുർദേവതകളുടെ വനങ്ങളെത്തന്നെ സ്ഥാപിച്ചു. അന്ധകാരം ദേശത്തെയും, ഘോരാന്ധകാരം ജനതയെയും മൂടി. അവർ അകൃത്യത്തെ വെള്ളം പോലെ കുടിക്കുകയായിരുന്നു. ജാതീയ ദേവാലയങ്ങളാലും അവയിലെ വിഗ്രഹപൂജകളാലും ദുഷിച്ച ദേശം ക്രൂരതരമായ ആയിരക്കണക്കിനു യാഗധൂമങ്ങൾ ഉയരുന്നതു ദിനംപ്രതി കണ്ടു.

അബ്രാഹാം ഞങ്ങളുടെ പിതാവാണ് എന്നു അവകാശപ്പെടുന്ന ഒരു ജനതയുടെ നടുവിൽ നിന്നാണ് അവരുടെ പൂർവ്വികന്മാർ കർത്താവിങ്കലേക്ക് നോക്കി നിലവിളിക്കുകയും അവൻ അവരുടെ എല്ലാ കഷ്ടങ്ങളിൽനിന്നും അവരെ വിടുവിക്കുകയും ചെയ്തത്. ഈ മഹത്വത്തിന്റെ ദൈവം വിട്ടകന്നതെങ്ങനെ! ഉപ്പിന്റെ കാരം നഷ്ടപ്പെട്ടതെങ്ങനെ! പൊന്നു മങ്ങിയതെങ്ങനെ! എന്നാൽ ഇത്ര കടുത്ത പിന്മാറ്റത്തിന്റെ മദ്ധ്യേനിന്നും ദൈവം ഒരു പുരുഷനെ ഉയർത്തി – ഒരു കമ്മറ്റിയെയല്ല ഒരു സഭാവിഭാഗത്തെയല്ല – ഒരു ദൂതനെയുമല്ല – പിന്നെയോ ഒരു പുരുഷനെ നമുക്ക് സമസ്വഭാവമുള്ള ഒരു പുരുഷനെത്തന്നെ! ദൈവം "ഒരു പുരുഷനെ തേടി", പ്രസംഗിക്കേണ്ടതിനല്ല, പിന്നെയോ, "പിളർപ്പിൽ നിൽക്കേണ്ടതിന്നായിരുന്നു. അബ്രഹാം എപ്രകാരമായിരുന്നുവോ അപ്രകാരം ഇപ്പോൾ ഇതാ ഏലീയാവ്. "കർത്താവിന്റെ മുമ്പിൽ നിന്നു" അതുകൊണ്ടു അനുഗ്രഹിക്കപ്പെട്ടു. പരിശുദ്ധാത്മാവിൽ നിന്ന്, ഏലീയാവിന്റെ ജീവചരിത്രം രണ്ടു വാക്കിൽ എഴുതുവാൻ കഴിഞ്ഞു, 'അവൻ പ്രാർത്ഥിച്ചു' ഇതിലുമധികം ആർക്കും ചെയ്യുവാൻ കഴിയുകയില്ല. ഇന്നു സഭയ്ക്കുള്ള ആലോചനക്കാരുടെ എണ്ണത്തോളം, വേദനപ്പെടുന്നവർ ഉണ്ടായിരുന്നെങ്കിൽ ഒരു വർഷത്തിനുള്ളിൽ ഉണർവ്വുണ്ടാകുമായിരുന്നു.

ഇപ്രകാരമുള്ള പ്രാർത്ഥനാ പുരുഷന്മാർ നമ്മുടെ ദേശീയ ഉപകാരികളാണ്. ഏലീയാവ് അപ്രകാരമായിരുന്നു.അവൻ ഒരു ശബ്ദം കേട്ടു ഒരു ദർശനം കണ്ടു; ഒരു ശക്തി ആസ്വദിച്ചു. ഒരു ശത്രുവിന്റെ പ്രാപ്തിയെ അളന്നു. ദൈവത്തോടുകൂടെ പങ്കാളിയായി നിന്നുകൊണ്ട് വിജയം നേടി. അവൻ കണ്ണുനീർ ചൊരിഞ്ഞതും അവൻ അനുഭവിച്ച ആത്മീയ വ്യഥകളും, അവനിൽ നിന്നുയർന്ന ഞരക്കങ്ങളും എല്ലാം ദൈവത്തിന്റെ ദിനവൃത്താന്ത പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തെറ്റിക്കൂടാത്ത ദിവ്യപ്രവചനം നൽകുവാനായി ഒടുവിൽ അവൻ പ്രത്യക്ഷപ്പെട്ടു. അവൻ ദൈവത്തിന്റെ മനസ്സറിഞ്ഞു. അതുകൊണ്ട് അവൻ ഏക മനുഷ്യൻ – ഒരു ജാതിയെ ഞെരിച്ചമർത്തി അതിന്റെ സ്വഭാവത്തിന് ഗതിമാറ്റം വരുത്തി. ഈ "കിഴുക്കാംതൂക്കായി നിൽക്കുന്ന പരുക്കൻ പാറയായ ഏക മനുഷ്യൻ" ഏക വാക്കിൽ ആകാശത്തെ അടച്ചുകളഞ്ഞപ്പോൾ ഗിലെയാദിലെ പർവ്വതംപോലെ ഉത്തുംഗമായും, ചലനരഹിതമായി നിന്നു. ഏതു

താഴിന്നും അനുയോജ്യമായ വിശ്വാസത്തിന്റെ താക്കോൽ ഉപയോഗിച്ച് ഏലീയാവ് ആകാശത്തെ അടച്ചു. താക്കോൽ തന്റെ പോക്കറ്റിൽ നിക്ഷേ പിച്ചു കൊണ്ട് ആഹാബിനെ വിറപ്പിച്ചു. ദൈവം ഒരു മനുഷ്യനെ മുറുകെ പിടിക്കുന്നത് അത്ഭുത മാണെങ്കിലും ഒരു മനുഷ്യൻ ദൈവത്തെ കടന്നു പിടിക്കുന്നതിനാലുളവാകുന്ന അതിലും വലിയ അത്ഭുതത്തെക്കുറിച്ചു ഭൂമിക്കറിയാം. ഒരു ദൈവ മനുഷ്യൻ 'ആത്മാവിൽ' ഞെരുങ്ങട്ടെ. അപ്പോൾ ദൈവം വിളിച്ചുപറയും. "എന്നെ വിടുക" എന്ന് ഏലീയാവിന്റെ നേട്ടങ്ങൾ നാം പ്രിയപ്പെടുന്നു; എന്നാൽ അവന്റെ ബഹിഷ്കരണങ്ങൾ നമുക്കു പ്രിയങ്കരമല്ല.

സഹോദരന്മാരെ, നാം ദൈവത്തിന്റെ വേല ദൈവഹിതപ്രകാരം ദൈവത്തിന്റെ സമയത്തിൽ, ദൈവശക്തിയോടെ ചെയ്യുന്ന പക്ഷം നമുക്കു ദൈ വത്തിന്റെ അനുഗ്രഹവും, പിശാചിന്റെ ശാപവും ഉണ്ടാകും. ദൈവം സ്വർഗ്ഗകവാടം തുറന്നു നമ്മെ അനുഗ്രഹിക്കുമ്പോൾ, സാത്താൻ നരകകവാടം തുറന്നു നമ്മെ തകർത്തു നശിപ്പിക്കും. ദൈവ ത്തിന്റെ പുഞ്ചിരിയുടെ മറുവശം പിശാചിന്റെ കണ്ണുരുട്ടലാണ്. വെറും പ്രസംഗകൻ ആരെയും സഹായിക്കും. ആരെയും മുറിപ്പെടുത്തുകയുമില്ല. എന്നാൽ പ്രവാചകന്മാർ എല്ലാവരേയും ഇളക്കു കയും, ചിലരെ ഭ്രാന്തരാക്കുകയും ചെയ്യും. പ്രസം ഗകൻ സമൂഹത്തോടുകൂടെ പോയെന്നു വരാം. എന്നാൽ പ്രവാചകൻ അതിനെതിരായി പോകുന്നു. ഒരു മനുഷ്യൻ ദൈവത്താൽ നിറഞ്ഞ്. ചുട്ടുപ ഴുത്ത് സ്വാതന്ത്ര്യത്തോടെ മുന്നേറുമ്പോൾ, രാജ്യ സ്നേഹമില്ലാത്തവൻ എന്നു മുദ്രയടിക്കപ്പെ ട്ടേക്കാം. കാരണം അവൻ രാഷ്ട്രങ്ങളുടെ പാപ ങ്ങൾക്കെതിരായി സംസാരിക്കുന്നു. ഭയരഹിത നാണ്, കാരണം അവന്റെ നാവ് ഇരുവായ്ത്ത ലയുള്ള വാളാണ്. ക്രമനില തെറ്റിയവനാണ്. കാരണം പ്രസംഗാഭിപ്രായത്തിന്റെ തൂക്കം അവനെ തിരായിരിക്കും. പ്രസംഗകൻ കൊട്ടിഘോഷിക്ക പ്പെടും എന്നാൽ പ്രവാചകൻ ഓടിക്കപ്പെടും.

അല്ലയോ സഹോദരന്മാരായ പ്രസംഗകരെ, പഴയ വിശുദ്ധന്മാരെയും മിഷനറിമാരെയും രക്ത സാക്ഷികളെയും, നവീകരണക്കാരെയും, ഞങ്ങ ളുടെ ലൂഥറന്മാരേയും, ബുനിയന്മാരേയും വെസ്ലി മാരെയും, അഷ്ബറിമാർ മുതലായവരേയും എല്ലാം ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾ അവരുടെ ജീവചരിത്രങ്ങൾ രചിക്കും. അവരുടെ ഓർമ്മകൾ കൊണ്ടാടും. അവരുടെ കല്ലറകളെ ചില്ലിട്ടു സൂക്ഷിക്കും. അവരുടെ സ്മാരക സ്തൂപങ്ങൾ പണിതുയർത്തും. അവരെ അനുകരിക്കുന്നതൊ ഴികെ എന്തും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ അവരുടെ അവസാനതുള്ളി രക്തവും ഞങ്ങളുടെ ഹൃദയത്തിൽ കുടിയ്ക്കും. എന്നാൽ ഞങ്ങളുടെ ഒരു തുള്ളി രക്തവും പോകാതെ ഞങ്ങൾ സൂക്ഷിക്കും.

കമ്മ്യൂണിസത്തിന്റെ ശക്തിയെക്കുറിച്ചു സുവി ശേഷകന്മാർ തുറന്ന കണ്ണുകളോടെയാണ് വീക്ഷി ക്കുന്നത്. എന്നാൽ റോമയുടെ അന്ധകാര ശല്യത്തി നെതിരെ അവർ ചുണ്ടുകൾ കടിച്ചമർത്തിയിരി ക്കയാണ്. ഏതെങ്കിലും ഒരു പ്രസംഗകൻ പരിശു ദ്ധാത്മാവിൽ നിറഞ്ഞവനായി റോമൻ കത്തോ ലിക്ക സഭയ്ക്കെതിരെ ഒരു വിളമ്പരം നടത്തി യാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ അമേ രിക്കയുടെ ഒരു തീരം മുതൽ മറ്റേ തീരം വരെ പ്രക്ഷുബ്ദമായി തീരും. ഇംഗ്ലണ്ടിലെ സ്ഥിതി ഇതിലും വഷളായിരിക്കുന്നു ക്രൂരനും സംസ്കാ രശൂന്യനുമായ മാവോ (വേണ്ടുവോളം ദുഷ്ടനാണ്) യിക്കെതിരെ നാം ദേശീയ താത്പര്യം ഇളക്കി വിടുമ്പോൾത്തന്നെ റോമൻ കത്തോലിക്കാ സഭ യ്ക്കു നാം സുരതദൂതരായി മാറുന്നു.

(തുടരും...)

●●●

---

(പേജ് 4 – ൽ നിന്നും)

കപരമോ വ്യക്തിപരമോ ആയ താത്പര്യങ്ങളോ ലക്ഷ്യങ്ങളോ നമ്മെ ഭരിക്കരുത്. കേരളത്തിൽ രക്ഷിക്കപ്പെട്ട ദൈവമക്കളെല്ലാം ഈ വേലയുടെ ഭാഗമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. വിശുദ്ധ പൌലൊസ് കാരാഗൃഹത്തിൽ കിടക്കു മ്പോൾ ഉത്സാഹത്തിൽ മടുപ്പില്ലാതെ കർത്താ വിനെ പ്രസംഗിക്കുന്നതിനായി നല്ലൊരു ഭാഗം വിശ്വാസികൾ മുന്നോട്ടുവന്നു. പിന്നീട് ഇവർ തമ്മിൽ സ്പർദ്ധയായി. ഇക്കാരണത്താൽ താൻ കാരാഗൃഹത്തിൽനിന്നും എഴുതി-"അരുതേ!" ചെയ്യു ന്നത് സ്നേഹത്തിൽ ചെയ്യുവിൻ. ശാഠ്യം കളയു വിൻ മറ്റു താത്പര്യങ്ങളെ കളയുവിൻ.

കർത്താവിൽ പ്രിയ ദൈവമക്കളെ, കഴിഞ്ഞ പതിനാറ് വർഷം നമ്മുടെ മിഷന്റെ വളർച്ചക്കായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും സഹാ യിക്കുകയും ചെയ്ത എല്ലാവരോടും ഒത്തിരി ഒത്തിരി നന്ദി പറയട്ടെ! പുതിയ വർഷത്തിൽ പിന്നിട്ട നാളുകളിലെക്കാൾ അധികം പ്രവർത്തി ക്കുവാൻ കർത്താവ് നമ്മെ എല്ലാവരെയും ശക്തീ കരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മെയ് ഒന്നാം തീയതി നമ്മുടെ '**മിഷൻ ഡേ**' ആണ്. അന്നേ ദിവസത്തേക്ക് സ്നേഹപൂർവ്വം നിങ്ങളെ ക്ഷണി ക്കുന്നു. നമ്മുടെ പ്രധാന പ്രവർത്തകർ എല്ലാവരും വിവിധ സംസ്ഥാനങ്ങളിൽനിന്നും നമ്മെയെല്ലാ വരേയും കാണ്മാനും ഒരാഴ്ചത്തെ ട്രെയിനിംഗി നായും വരുന്നു. അപ്പോൾ നമുക്ക് പ്രാർത്ഥന യോടെ ഒരുമിച്ചു കൂടാം. ദൈവം അനുഗ്രഹിക്കട്ടെ.

●●●




## ആമസോൺ വനത്തിൽ തിളച്ചൊഴുകുന്ന നദി കണ്ടെത്തി



തിളക്കുന്ന നദിയെക്കുറിച്ച് ലാറ്റിൻഅമേരിക്കൻ രാജ്യങ്ങളായ ബ്രസീലിലും പെറുവിലും പണ്ടുമുതലേ ഐതിഹ്യ കഥകൾ പ്രചരിക്കുന്നുണ്ട്. തിളച്ചുപൊങ്ങുന്ന നദികളെക്കുറിച്ച് പ്രത്യേകിച്ച് ഈ നദിയെക്കുറിച്ച് ചെറുപ്പത്തിൽ പറഞ്ഞുതന്ന കഥ ആൻഡ്രിയാസ് റൂസോ എന്ന വിദ്യാർത്ഥിയുടെ ഹൃദയത്തിൽ പതിഞ്ഞത് ഒരു അന്വേഷണത്തിലേക്കു വിരൽ ചൂണ്ടുകയുണ്ടായി. വിഷംനിറഞ്ഞ വെള്ളവും പാമ്പുകളെ ഭക്ഷിക്കുന്ന മനുഷ്യരും താഴെ തിളക്കുന്ന നദിയുമൊക്കെയായി മുത്തച്ഛൻ പറഞ്ഞുതന്ന കഥ മനസ്സിൽ വച്ചുകൊണ്ട് ആ യുവശാസ്ത്രജ്ഞൻ ആമസോൺകാടു കയറാനുള്ള തീരുമാനം ഉറപ്പിച്ചു. എന്നാൽ യാത്രതിരിക്കുന്നതിനു മുമ്പ് താൻ ഗവേഷണം നടത്തുന്ന സതേൺ മെതഡിസ്റ്റ് സർവ്വകലാശാലയിലെ അദ്ധ്യാപകരോടും, സർക്കാരിനോടും എണ്ണ, ഗ്യാസ്, മൈനിംഗ് കമ്പനികളോടും ഈ നദിയെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ നിലവിലുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ എല്ലാവരും ഇല്ല എന്ന മറുപടിയാണ് നൽകിയത്. പെറുവിലെ മിത്ത് കഥകളിൽ ഒളിഞ്ഞുകിടക്കുന്ന ഈ നദി, അവസാന ഇൻകാ രാജാവിനെക്കുറിച്ചുള്ള മുത്തശ്ശിക്കഥയിൽനിന്നു കേട്ട റൂസോ 2011 ൽ ഈ നദിയെക്കുറിച്ചു അന്വേഷണമാരംഭിച്ചു. ബ്രസീലുകാർക്കും പെറുക്കാർക്കും ഒരുപക്ഷേ കെട്ടുകഥയായിരിക്കാം. എന്നാലും അതിന്റെ യാഥാർത്ഥ്യം കണ്ടുപിടിക്കാനായി ഭൗമശാസ്ത്ര വിദ്യാർത്ഥിയായ റൂസോ യാത്രക്കു തയ്യാറായി. നിരാശനാകാതെ റൂസോ യാത്രതിരിച്ചു. പലവിധ പ്രതിസന്ധികളെയും തരണംചെയ്ത് സാഹസികമായി ഘോരവനം താണ്ടി നടത്തിയ അന്വേഷണത്തിലും പഠനത്തിലും നാലു മൈൽ തിളച്ചുമറിയുന്ന മായൻ തുയോകുവിലെ അഷാനിങ്കയിലെ ജനങ്ങളുടെ നാട്ടിലൂടെ ഒഴുകുന്ന ആ നദി കണ്ടെത്തി. 82 അടി വീതിയിൽ 20 അടി ആഴവും വരുന്ന നദിയിലെ ജലം ചായയുണ്ടാക്കാൻ പാകത്തിലാണെന്ന് ഗിസ്മോഡോ റിപ്പോർട്ട്ചെയ്യുന്നു. അവിടെ ചിലയിടങ്ങളിൽ വെള്ളം തിളയ്ക്കുന്നുണ്ട്. നദിയിൽ ഒരു സെക്കന്റിൽ പകുതി സമയം മുങ്ങിപ്പോയിട്ടുപോലും തനിക്ക് മൂന്നു ഡിഗ്രി പൊള്ളലേറ്റെന്ന് റൂസോ പറയുന്നു. താൻ നദിയിൽ വീണിരുന്നെങ്കിൽ അപ്പോൾത്തന്നെ മരിക്കുമായിരുന്നെന്ന് ഇദ്ദേഹം പറയുന്നു. നദിയുടെ പല ഭാഗത്തും കനത്ത ചൂടാണ്. വെള്ളത്തിൽ വീണ മൃഗങ്ങൾക്കൊന്നും രക്ഷപെടാനായില്ല. വെള്ളത്തിൽ വീണ അനേക ജീവജാലങ്ങളെ കണ്ട് താൻ ഞെട്ടിപ്പോയെന്നും റൂസോ പറയുന്നു. 'തിളക്കേണ്ട നദി, ആമസോണിലെ സാഹസികതയും കണ്ടുപിടുത്തവും' എന്ന പേരിൽ നദിയെക്കുറിച്ച് റൂസോ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാര്യങ്ങൾ ഇങ്ങനെ മുന്നോട്ടുപോയാൽ നദിക്കു ചുറ്റുമുള്ള കാട് തന്നെ ഇല്ലാതാകുമെന്നും എന്തെങ്കിലും ചെയ്യണമെന്നും റൂസോ പറയുന്നു. തീയും ഗന്ധകവും കത്തുന്ന പൊയ്ക, തീപ്പൊയ്ക, നിത്യാഗ്നി, അഗ്നിനരകം മുതലായവയെക്കുറിച്ചു ബൈബിളിൽ പരാമർശമുണ്ട്. (മത്തായി 5:22, 18:8, 25:46, വെളി 20:15, 21:8) ഇതിനെ നരകം എന്നു ബൈബിൾ പറയുന്നു. 'അവിടെ അവരുടെ പുഴു ചാകുന്നില്ല. തീ കെടുന്നതുമില്ല' (മർക്കൊ. 9:48,49) ഈ വസ്തുത ശാസ്ത്രലോകം തെളിയിച്ചുതന്നിട്ടുണ്ട്. ഭൂമിയുടെ ഉൾഭാഗം കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നു. ഉദാഹരണമായി കാലിഫോർണിയായില 'ഡെത്ത് വാലി' (മരണതാഴ്വര) എന്ന സ്ഥലത്ത് അനേകം വിള്ളലുകൾ കാണാം. ചില സമയങ്ങളിൽ വിഷവാതകവും തീയും വിള്ളലുകളിലൂടെ പുറത്തുവരുന്നു. അഗ്നിപർവ്വത സ്ഫോടനങ്ങളും ഇത് തെളിയിക്കുന്നു. അന്ത്യ ന്യായവിധിയിലൂടെ പാപികൾ എത്തപ്പെടുന്ന സ്ഥലമാണ് നരകമെന്ന് ബൈബിൾ വ്യക്തമാക്കുന്നു.

(Source: www.disciplesnews.com)

## Evolution of Butterfly : ചിത്രശലഭങ്ങൾ 250 ദശലക്ഷം വർഷങ്ങളായി മാറ്റമില്ലാതെ തുടരുന്നതിൽ ഒരു രഹസ്യമുണ്ട്




ദശലക്ഷക്കണക്കിന് വർഷങ്ങളായി ലോകംമുഴുവൻ പരിണാമത്തിലൂടെ കടന്നുപോയപ്പോഴും, അതിൽ പങ്കാളിയാകാതെ തുടർന്നവരാണ് ചിത്രശലഭങ്ങളും നിശാശലഭ ക്രോമസോമുകളും (moth chromosoms) 250 ദശലക്ഷം വർഷത്തെ പരിണാമത്തിലും ഈ പ്രാണികൾക്ക് മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്ന് പുതിയ പഠനം വെളിപ്പെടുത്തി. രണ്ടു ജീവികളും പ്രാണികളുടെ സാധാരണ സ്വഭാവസവിശേഷതകൾ പങ്കിടുന്നു. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ള ഒരേ പൂർവ്വികനിൽനിന്നാണ് ചിത്രശലഭങ്ങളും നിശാശലഭങ്ങളും ഉത്ഭവിച്ചത്. അവയുടെ ജീനോമുകൾ അതേപടി തുടരുന്നു. ഇരുജീവികളും ചേർന്നാൽ, മുഴുവൻ ജന്തുജാലങ്ങളുടെയും 10 ശതമാനമുണ്ടാകും. അവർ ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥക്ക് അത്യന്താപേക്ഷിതവുമാണ്. ജനിതക വിവരങ്ങൾ വഹിക്കുന്ന DNA - യും പ്രോട്ടീനുകളും ചേർന്ന ത്രെഡ്പോലുള്ള ഘടനകളാണ്. ക്രോമസോമുകൾ, ശരീരത്തിലെ മിക്ക കോശങ്ങളുടെയും ന്യൂക്ലിയസിലാണ് കാണപ്പെടുന്നത്. ആഗോളതലത്തിൽ 160,000 ലധികം സ്പീഷിസുകളിലെ ചിറകുകളുടെ പാറ്റേണുകളിലും വലുപ്പത്തിലും വൈവിധ്യത്തിലെ വളർച്ചയിലും മാറ്റങ്ങളുണ്ടായിട്ടും ജീനോമിലെ സ്ഥിരത തുടർന്നുപോകുന്നു. എന്നിരുന്നാലും, ഈ ജീനോം ഘടനയുടെ പരിമിതികളെ മറികടന്ന് പരിണമിച്ച നീല ചിത്രശലഭം - ലിസാന്ദ്ര പോലുള്ള ചെറിയ ഉപവിഭാഗത്തെയും ഗവേഷണം വെളിപ്പെടുത്തി. ഈവിഭാഗങ്ങൾ വിപുലമായ ക്രോമസോം പുനഃക്രമീകരണത്തിന് വിധേയമായി. ഇന്ന് ജീവിക്കുന്ന ഭൂരിഭാഗ ചിത്രശലഭങ്ങളുടെയും നിശാശലഭങ്ങളുടെയും ക്രോമസോമുകൾ 250 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന 32 പൂർവ്വിക മെറിയൻ മൂലകങ്ങളിൽ നിന്ന് നേരിട്ട് കണ്ടെത്താനാവും. വൈവിധ്യമാർന്ന ജീവിവർഗ്ഗങ്ങൾ ഉണ്ടായിരുന്നിട്ടും, അവയുടെ ക്രോമസോമുകൾ വലിയ മാറ്റങ്ങളില്ലായിരുന്നു എന്നത് ശ്രദ്ധേയമാണ്. സ്ഥിരതയുള്ള ക്രോമസോമുകൾ ജീവിവർഗ്ഗങ്ങളുടെ വൈവിധ്യവത്കരണത്തെ പരിമിതപ്പെടുത്തുമെന്ന ആശയത്തെ ഇത് വെല്ലുവിളിക്കുന്നു.

(Source: www.Malayalamindiatoday.in)

# ഉത്തരം പറയാമോ?

(ദിനവൃത്താന്തം രണ്ടാം പുസ്തകം)

1. ശലോമോന്നു കുതിരകളെ കൊണ്ടുവന്നതു എവിടെനിന്ന്?
2. ഒർന്നാന്റെ കളം സ്ഥിതിചെയ്യുന്ന പർവ്വതം?
3. തന്റെ മനോരഥമൊക്കെയും ശലോമോനോട് അറിയിച്ച രാജ്ഞി?
4. രെഹബെയാമിന്റെ അമ്മയുടെ പേരെന്ത്?
5. യേഹൂ ദർശകൻ ആരുടെ മകനാണ്?
6. ജീവപര്യന്തം കുഷ്ഠരോഗിയായിരുന്ന രാജാവ്?
7. മനശ്ശെ എത്ര സംവത്സരം യെരൂശലേമിൽ വാണു?
8. രാജവസ്ത്രവിചാരകനായ ശല്ലൂമിന്റെ ഭാര്യ?
9. യോശീയാവെക്കുറിച്ചു വിലപിച്ച പ്രവാചകൻ?
10. "യഹോവതന്നേ ദൈവം" എന്നു ബോദ്ധ്യംവന്ന രാജാവ്?







# ജീവന് വേണ്ടിയുള്ള ഓട്ടം

ഒരു വേട്ടക്കാരന് മിടുക്കനായ ഒരു നായയുണ്ടായിരുന്നു. അദ്ദേഹം വേട്ടക്ക് പോകുമ്പോൾ കൂടെ നായയുമുണ്ടാകും. വേട്ടക്കാരനുമുമ്പിലേക്ക് ചെറുമൃഗങ്ങളെ ഓടിച്ചിട്ട് എത്തിക്കുക, വേട്ടക്കാരൻ വെടിവെച്ചിടുന്ന മൃഗങ്ങളെ എടുത്തുകൊണ്ട് വരിക, ഈ പണിയെല്ലാം നായ കൃത്യമായി ചെയ്തിരുന്നു.

ഒരു ദിവസം വേട്ടക്കായി കാട്ടിലെത്തിയതായിരുന്നു അവർ. കുറേ അലഞ്ഞതിന് ശേഷം ക്ഷീണിച്ച് വേട്ടക്കാരൻ വിശ്രമിക്കാനായി ഒരു മരത്തണലിൽ ഇരുന്നു. അപ്പോഴാണ് ഒരു മുയൽ അവരുടെ മുമ്പിൽ എത്തിപ്പെട്ടത്. മുയലിനെ കണ്ടതും നായ അതിന്റെ പിറകെ ഓടി. മുയലിനെ ഓടിച്ചിട്ട് പിടിക്കാനായിരുന്നു നായയുടെ ശ്രമം.

മുയൽ അതിവേഗത്തിൽ കുതിച്ച്പാഞ്ഞു. നായ തൊട്ട് പിറകെയും. എത്ര ശ്രമിച്ചിട്ടും മുയലിനൊപ്പമെത്താൻ നായക്ക് കഴിഞ്ഞില്ല. അത് മുയലിനെ ഉപേക്ഷിച്ച് തിരികെ വേട്ടക്കാരനരികിലെത്തി ഇരുന്നു.

പരാജയപ്പെട്ട് തിരിച്ചെത്തിയ നായയോട് വേട്ടക്കാരൻ ചോദിച്ചു?

"നീ ഇത്ര മിടുക്കനായിട്ടും ഒരു ചെറിയ മുയലിനെ ഓടിച്ചുപിടിക്കാൻ നിനക്ക് സാധിച്ചില്ലേ? കഷ്ടം! വല്ലാത്ത നാണക്കേട് തന്നേ."

അതിന് നായ മറുപടി കൊടുത്തതിങ്ങനെയാണ്. എന്ത് നാണക്കേട്? എന്റെയും മുയലിന്റെയും ഓട്ടത്തിലുള്ള സ്വാഭാവികമായ വ്യത്യാസംകൊണ്ടാണ് എനിക്കതിനെ പിടിക്കാൻ കഴിയാതെപോയത്. ഞാൻ ഓടിയത് മുയലിനെ ഭക്ഷണമാക്കുവാൻ വേണ്ടിയാണ്. പക്ഷേ ആ മുയലിന്റെ ഓട്ടം സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടിയായിരുന്നു. അതുകൊണ്ട് മുയൽ തന്റെ മുഴുവൻ ഊർജ്ജവും എടുത്ത് ജീവൻ രക്ഷിക്കാൻവേണ്ടി പായും. ആ വ്യത്യാസംകൊണ്ടാണ് ഞാൻ തോറ്റത്".

നായയുടെ യുക്തിപരമായ മറുപടിയോട് വേട്ടക്കാരനും യോജിച്ചു.

പ്രിയ കുഞ്ഞുങ്ങളേ, ഇന്ന് നമ്മുടെ ജീവിത സാഹചര്യങ്ങളെ നാം പരിശോധിക്കുമ്പോൾ ചുറ്റും അന്ധകാരം നിറഞ്ഞതാണ്. പാപം നിറഞ്ഞതാണ്. എന്നാൽ നാം നിത്യജീവനെ നേടിയെടുക്കാൻ ഓടണം. പ്രതിസന്ധികൾ കടന്നുവരുമ്പോൾ പതറിപ്പോകാതെ വിശ്വാസജീവിതത്തിൽ മുന്നേറുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക". (എബ്രായർ 12:1)

"അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും". (2 പത്രൊസ് 1:10 – 11)

# ഓൺലൈൻ കൂട്ടായ്മകൾ

## ഏപ്രിൽ

## MORNING FELLOWSHIP

### എല്ലാ ദിവസവും

**HINDI : 5.30 AM – 6.15 AM**

ID https://meet.google.com/gdh-nyyc-vjy

**MALAYALAM : 5.40 AM – 6.40 AM**

ID https://meet.google.com/iib-yyvd-seq

| | |
|---|---|
| Every Sunday (9.30 pm - 10.30 pm) | Middle East Fellowship |
| Every Monday (2.30 pm - 3.30 pm ) | Ladies Prayer Meeting |
| Every Tuesday (8 pm - 9 pm) | Bible Study |
| Last Tuesday (8 pm - 9 pm) | Ecumenical Youth Fellowship |
| Every Friday (10.30 am - 12 Noon ) | Fasting Prayer |

## മിഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്ന മറ്റ് പ്രോഗ്രാമുകൾ

ഒന്നാം വ്യാഴം : പ്രവർത്തക കൂട്ടായ്മ 7 PM – 8.30 PM

രണ്ടാം ശനിയാഴ്ച : ഏകദിന ധ്യാനം 10 AM - 1 PM

എല്ലാ ബുധനാഴ്ചകളിലും : ഏരിയ പ്രേയർ മീറ്റിംഗ്
(അതാതു യൂണിറ്റുകളിൽ വച്ച്) 7 PM – 8.30 PM

### പ്രത്യേക ശ്രദ്ധക്ക്

EGM OF INDIA യുടെ Online മീറ്റിംഗുകൾക്ക് ഉപയോഗിക്കുക.
Google Meet Meeting Code : iib-yyvd-seq



Br. സാമുവേൽ റെഡ്ഡി വൈ & ദിവ്യ
ആന്ധ്രപ്രദേശ്



Br. രമേഷ് ചന്ദ് & ദുർഗ്ഗ
രാജസ്ഥാൻ



Br. ഫൂൽസിംഗ് & അങ്കിത
മധ്യപ്രദേശ്



Br. സഞ്ജീവ് ഭാസ്ക്കർ & റാണി
മധ്യപ്രദേശ്



Br. രാംപാൽ സാഹു & ശ്യാമ സാഹു
ഛത്തീസ്ഗഢ്



Br. ദിൽഹരൺ സാഹു & ധനേശ്വരി
ഛത്തീസ്ഗഢ്



Br. ചന്ദ്രപ്രകാശ് & സുനിത
ഛത്തീസ്ഗഢ്



Br. ബുധുവ മുണ്ട & സലമി
അസ്സം



Br. രൂപ്ചന്ദ് മുർമു & അനിത ദേവി
ബീഹാർ



Br. ഛോട്ടേലാൽ ഹൻസ്ദ & സുനിത മുർമു
ബീഹാർ




Br. ഉമേഷ് കുമാർ ഹെമ്പ്രോം & മീന സോറൻ
ബീഹാർ



Br. പൂരൻലാൽ സാഹു & ആശ
ഒഡീഷ



Br. സോമനാഥ് കർമ്മാകർ & റീന
ജാർഖണ്ഡ്



Br. ദീപക് & വിനീത
മധ്യപ്രദേശ്



Br. വിജയ് കച്ഛപ് & ദുലരി
ജാർഖണ്ഡ്



Br. കമല കട്ടാറ & സമ
രാജസ്ഥാൻ



Br. രാജേഷ് മൈഡ & സ്നേഹ
മധ്യപ്രദേശ്



Br. സോണിയ ഡോഡിയ & കാന്തി
രാജസ്ഥാൻ



Br. വിനോദ് കട്ടാറ & സീത
രാജസ്ഥാൻ

# ഇ.ജി.എം. 

## മിഷൻ ഫീൽഡില

## ഓർക്കാം... പ്ര



സഭാ ശുശ്രൂഷകരും മിഷനറിമാരും →



Br. ഗിരഞ്ചൻ ലിമ &
പ്രകാശിനി ലിമ
മഹാരാഷ്ട്ര




Br. രാമേശ്വർ സാഹു &
പ്രതിമ സാഹു
ഛത്തീസ്ഗഢ്



Br. ജിബിൻ സി.എസ് &
ബിജി ജിബിൻ
കർണ്ണാടക



Br. സാംസൺ രാജു &
എസ്ഥേർ
ആന്ധ്രപ്രദേശ്



Br. പ്രബീൻ ബിശ്വകർമ്മ &
ഗീത
അരുണാചൽപ്രദേശ്



Br. കൈലാഷ് ഹൻസ്ഡ &
സുമിത്ര
ബീഹാർ



Br. വിക്രം ബസേവ &
രഞ്ജു
ഗുജറാത്ത്



Br. രത്തൻ സോറ &
മൈന സോറ
നാഗാലാന്റ്



Br. ദിലീപ് സോറൻ &
സുനിത
ഒഡീഷ



Br. പ്രദീപ് ഡിഗൽ &
സ്മൃതി
ഒഡീഷ



Br. സുദാം ഡിഗൽ &
എലിശ്ബ
ഒഡീഷ



Br. പദ്മസേന കുസുലിത &
ബൈദേഹി
ഒഡീഷ



Br. ബൊസ്സു പോൾ &
സന്ധ്യ
തെലങ്കാന



Br. ബിക്കി ലോഹാർ &
ദീപ്മാല
വെസ്റ്റ് ബംഗാൾ



Br. നഗിൻ ലാൽ &
സുനിത
രാജസ്ഥാൻ



Br. അർജുൻ സിംഗ് ഡിൻഡോർ &
ദമിള
രാജസ്ഥാൻ

# ഓഫ് ഇന്ത്യ

## ല ശുശ്രൂഷകന്മാർ

## പാർത്ഥിക്കാം...



Br. ഹാനോക് പട്ടേൽ & എക്ത പട്ടേൽ
ബീഹാർ



Br. ചോഗ്ര ബാൽമുച്ചു & സികോ ബാൽമുച്ചു
വെസ്റ്റ് ബംഗാൾ



Br. വിക്ടർ സോബി & അനിത സോബി
അസ്സം



Br. പ്രേംചന്ദ് മുണ്ട & ലാൽമുനി മുണ്ട
ജാർഖണ്ഡ്



Br. സജി കെ. എസ് & ബിന്ദു സജി
ഫീൽഡ് കോ-ഓർഡിനേറ്റർ



Br. അമർസിംഗ് & വിദ്യ
ഹിമാചൽപ്രദേശ്



Br. ജോഗിന്ദർ കുമാർ & ആഷുദേവി
ജമ്മു കാശ്മീർ



Br. അജയ് കുമാർ ഡാമ & വനിത
മദ്ധ്യപ്രദേശ്



Br. അമൃത് ബോറോ & രേഷ്ന
മേഘാലയ



Br. രാജേഷ് കുമാർ സാഹു & ചിത്രരേഖ
ഛത്തീസ്ഗഢ് (മുംഗേലി)



Br. ജാഗ്സിർ സിംഗ് ഭാട്ടി & അനിത
പഞ്ചാബ്



Br. ഭരത് പട്ടേൽ & മഞ്ജുള
രാജസ്ഥാൻ



Br. ലക്ഷ്മൺ ലാൽ ദാമോർ & ശാന്ത
രാജസ്ഥാൻ



Br. കെ. എ. എബ്രഹാം & ജോൺസിബായ്
തമിഴ്നാട്



Br. ആമോസ് ബസ്റ & ഈശ്വരി
വെസ്റ്റ് ബംഗാൾ



Br. നരേഷ് നിനാൻമ & ചമ്പ
രാജസ്ഥാൻ



Br. ചന്ദ്രപ്രകാശ് & നിഷ
മദ്ധ്യപ്രദേശ്



Br. രത്തൻലാൽ കട്ടാറ & ഗോമ
രാജസ്ഥാൻ



Br. മഹേന്ദ്രകുമാർ & രേണു
മദ്ധ്യപ്രദേശ്



Br. ദാവീദ് വൈ & റാഹേലു
ആന്ധ്രപ്രദേശ്

തുടർച്ച് പേജ് 17 & 20



Br. രഞ്ജൻ മുർമു & ദീപാലി
വെസ്റ്റ് ബംഗാൾ



Br. സന്തോഷ് മുർമു & സവിത
വെസ്റ്റ് ബംഗാൾ



Br. മംഗൾ മുർമു & ദുലി മുർമു
വെസ്റ്റ് ബംഗാൾ



Br. കന്നോജു മോശ & ഉമ
തെലങ്കാന



Br. അഞ്ജൻ കുമാർ നായിക്ക് & ലിലി
ഒഡീഷ



Br. രാജൻ മഹാലി & ഹിമജലിക
വെസ്റ്റ് ബംഗാൾ



Br. ത്രിലോചൻ സാഹു
ഛത്തീസ്ഗഢ്



Br. ഉദയകുമാർ
ഛത്തീസ്ഗഢ്



Br. സഞ്ജു സാഹു
ഛത്തീസ്ഗഢ്



Br. അജിത്ത് കുമാർ
ഉത്തർ പ്രദേശ്



Br. പ്രദീപ്കുമാർ സാഹു
ഛത്തീസ്ഗഢ്



Br. മഹേഷ് ടുഡു
വെസ്റ്റ് ബംഗാൾ



Sr. ചന്ദ്രാലലിത് ജനബന്ധു
മഹാരാഷ്ട്ര



Sr. സപ്ന പാട്ട്ലെ
മഹാരാഷ്ട്ര



Sr. പ്രിയ സാഹു
ഛത്തീസ്ഗഢ്



Br. ആഷിഷ് രഞ്ജൻ സിംഗ്
ഒഡീഷ



Br. ദേവ് പ്രസാദ്
ഛത്തീസ്ഗഢ്



Br. രഞ്ജു എച്ച്. എച്ച്.
കർണ്ണാടക

'ഞങ്ങൾ സ്വർഗ്ഗത്തിന്നും ഭൂമിക്കും
ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു;
ഏറിയ സംവത്സരം മുമ്പെ
പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു".

(എസ്രാ 5 :11)

# ദൈനംദിന സഹായി

**വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.**

## 01

**വായനഭാഗം** : **ന്യായാധിപന്മാർ 8, 9**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ-എസ്ഥേർ, മക്കൾ: നിരീക്ഷണ, ദിവാന, ദിവൈൻ, സ്തുതി) ദാവീദ്, സാമുവേൽ
**വിഷയങ്ങൾ** : സാംസൺ - സാമ്പത്തിക ബുദ്ധിമുട്ടുകൾ മാറുവാനും, മക്കളുടെ പഠനത്തിന്റെ അനുഗ്രഹത്തിനും, സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനും വേലയുടെ വളർച്ചക്കും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ന്യായാധിപന്മാർ 10 – 12**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുന്നതിനായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ന്യായാധിപന്മാർ 13 – 15**
**മിഷൻ ഫീൽഡ്** : അസ്സം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ)
**വിഷയങ്ങൾ** : ബിക്രം, കല്യാൺ, കല, ജോൺ, ബിജയ്, സോനേറാം, മോണിക്ക, കോർണേൽ, റെമ്പ, പ്രകാശ് - ഇവരുടെ മാനസാന്തരത്തിനായും വിശ്വാസികളുടെ ആത്മീയവളർച്ചക്കും, വിശ്വാസത്തിൽ നിലനിൽക്കുന്നതിനായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ന്യായാധിപന്മാർ 16 – 18**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഉമേഷ് കുമാർ ഹെബ്രോം (ഭാര്യ: മീന സോറ, മകൾ: ജനീന)
**വിഷയങ്ങൾ** : ഏക്തയുടെ സാമ്പത്തിക പ്രയാസങ്ങൾ മാറുവാനും, ദിനേശ് - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, അനിത - വിശ്വാസജീവിതത്തിൽ വളരുവാനും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ന്യായാധിപന്മാർ 19 – 21**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഹത്യാദിര ഫീൽഡിലെ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **രൂത്ത് 1 – 4**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ് ചന്ദ് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : പ്രകാശ് - തളർവാതം സൗഖ്യത്തിനായും, ചപന ഫീൽഡിൽ വിശ്വാസികൾ ആരാധനക്ക് കടന്നു വരുവാനും, ചർച്ചിൽ വരുന്ന കുട്ടികൾക്കായും, യുവജനങ്ങൾക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **1 ശമുവേൽ 1 – 3**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ)
**വിഷയങ്ങൾ** : മൽബാരി, ജലാഗ്ര - ഫീൽഡുകളിലെ വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, പരീക്ഷയെഴുതുന്ന ഫീൽഡിലെ കുട്ടികൾക്കായും, ഫീൽഡിൽ ആരാധനാലയം പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **1 ശമുവേൽ 4–8**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർ പ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, പ്രിയ സാഹു, ചന്ദ്രപ്രകാശ്, ദേവ് പ്രസാദ്
**വിഷയങ്ങൾ** : ഭാരതി - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, അനാമിക - തലയിൽ ചെറിയ മുഴയുണ്ട്. ഹേദ്രം - രണ്ടു കാലിനും വേദന, കാശി - ഭക്ഷണം ഇറങ്ങിചെല്ലുമ്പോൾ വയറുവേദന, നമ്രത - കണ്ണിനു വേദന, സീത, ശിവകുമാരി - പുറംവേദന, നന്ദിനി - ആറുമാസമായി തുടർച്ചയായിട്ട് പനിയാണ്. ഇവരുടെ സൗഖ്യത്തിനായും, പുഷ്പ - സാത്താന്യ ബന്ധനം വിടുതലിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **1 ശമുവേൽ 9–12**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : മുംഗേലി ഫീൽഡിലെ വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **1 ശമുവേൽ 13, 14**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകൻ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്)
**വിഷയങ്ങൾ** : ജാനു - നെഞ്ചു വേദന, ജയന്ത - പുറംവേദന, അലർജി, ഹർഷാദ് - മാനസികരോഗം - ഇവരുടെ സൗഖ്യത്തിനായും, ഉദയ്പുരയിലെ പുതിയ മിഷൻ ഫീൽഡിനായും യുവാക്കളുടെ ഇടയിൽ നടക്കുന്ന വേലക്കായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **1 ശമുവേൽ 15–17**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകൻ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : ഫൂൽമതി - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ഇന്ദിര, സുഭാഷ് - കണ്ണിലെ അസ്വസ്ഥതകൾ മാറുവാനും, റീമ - മുഖത്ത് വന്നിരിക്കുന്ന കറുത്ത വലിയപാടുകൾ മാറുവാനും, വിദ്യ - അലർജി ഇവരുടെ സൗഖ്യത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **1 ശമുവേൽ 18–20; സങ്കീർത്തനങ്ങൾ 11, 59**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകൻ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ)
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **1 ശമുവേൽ 21–24**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : തുളസി, സീത, പൂർണ്ണിമ, ബിർസ്സ, ബിജയ്, സാഗർ, രേൽക്ക, അനിത, ആദിത്യ, ജെമ, സീത, പ്രിയ, സർദാർ - ഇവരുടെ കുടുംബത്തിന്റെ അനുഗ്രഹത്തിനായും വേലയുടെ വളർച്ചക്കായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 7, 27, 31, 34, 52**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : നവോമി - ഷുഗർ, BP നോർമൽ ആകുവാനും, നാഗരാജ് - നെഞ്ചുവേദന സൗഖ്യത്തിനായും, ചൈത്ര, കരുണാകരൻ, വിമല, സ്വരൂപ് - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, വിമല - പ്രാർത്ഥനക്ക് കടന്നു വരുന്നതിനുള്ള തടസ്സങ്ങൾ മാറുവാനും, ജോയൽ - മദ്യപാനം മാറുവാനും വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 56, 120, 140–142**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, മഹേന്ദ്രകുമാർ, സഞ്ജീവ്, ഫൂൽസിംഗ്, മാല കട്ടാറ, രാജേഷ് മൈഡ
**വിഷയങ്ങൾ** : ജയ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, വിശ്വാസത്തിൽ ഉറെക്കുവാനും, പുതിയതായി വിശ്വാസത്തിൽ വന്നവർക്കായും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **1 ശമുവേൽ 25 – 27**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു
**വിഷയങ്ങൾ** : ബബിത - നടക്കാൻ പ്രയാസം, ശകുന്തള - ചുമ ഇവരുടെ സൗഖ്യത്തിനായും, പൃഥ്വിരാജ് - മദ്യപാനം മാറുവാനും, മീന, സച്ചിൻ, റിതേഷ്, സുരേഷ്, പ്രവീൺ, ഘനശ്യാം, ധനേശ്വർ, ഗീത, പ്രഭ - ഇവരുടെ കുടുംബത്തിന്റെ അനുഗ്രഹത്തിനായും, വേലയുടെ അനുഗ്രഹത്തിനും വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 17, 35, 54, 63**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി)
**വിഷയങ്ങൾ** : ഫീൽഡിൽ ഒരു ആരാധനാലയത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **1 ശമുവേൽ 28 – 31, സങ്കീർത്തനങ്ങൾ 18**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : രത്തൻ സോറ (ഭാര്യ: മൈന സോറ, മക്കൾ: അനാമിക, മോണിക്ക)
**വിഷയങ്ങൾ** : ചർച്ചുപണിയുടെ തടസ്സങ്ങൾ മാറുവാനും, സാമ്പത്തിക കാര്യങ്ങൾ ക്രമീകരിക്കപ്പെടുവാനും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 121, 123, 125, 128 – 130**
**മിഷൻ ഫീൽഡ്** : ഒഡീഷ (കണ്ഡമാൽ)
**പ്രവർത്തകൻ** : സുദാം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആഷേഷ്, അർച്ചൻ, അഞ്ജന)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലയുടെ വളർച്ചക്കും, സുദാം - വീടു പണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **2 ശമുവേൽ 1 – 4**
**മിഷൻ ഫീൽഡ്** : ഒഡീഷ (പുയിസാരു)
**പ്രവർത്തകൻ** : പ്രദീപ് ഡിഗൽ (ഭാര്യ: സ്മൃതി, മക്കൾ: പ്രിയദർശിനി റിയ, എലീശ റയിൻഹോൾഡ്)
**വിഷയങ്ങൾ** : സുവിശേഷ വേലയുടെ വളർച്ചക്കായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 6, 8 – 10, 14, 16, 19, 21**
**മിഷൻ ഫീൽഡ്** : ഒഡീഷ (ഹത്മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : പത്മസേന - വീടുപണിയുടെ അനുഗ്രഹത്തിനായും, ശുശ്രൂഷക്ക് കടന്നുപോകുവാൻ ബൈക്കിനായും , വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **1 ദിനവൃത്താന്തം 1, 2**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആഷിഷ് സിംഗ്
**വിഷയങ്ങൾ** : ആഷിഷ് - തക്ക തുണക്കായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 43 – 45, 49, 84, 85, 87**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകൻ** : ദിലീപ് സോറൻ (ഭാര്യ: സുനിത), പുരൻലാൽ സാഹു (ഭാര്യ: ആശ) അർജുൻ കുമാർ നായക്ക്
**വിഷയങ്ങൾ** : ശാരദ - തളർവാതം, രാജേഷ് - കാലു വേദന സൗഖ്യത്തിനായും, സുനിത - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ആത്മീയമായി വളരുവാനും, റീന - മാനസാന്തരത്തിനായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **1 ദിനവൃത്താന്തം 3 – 5**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകൻ** : ജാഗ്സിർ സിങ്ങ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ)
**വിഷയങ്ങൾ** : വേല വളരുവാനും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പ്രാർത്ഥിക്കാം.

**25**

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 73, 77, 78**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്‌വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺ ലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻ സിംഗ്
**വിഷയങ്ങൾ** : കവിടി- കയ്യും കാലും വേദന സൗഖ്യത്തിനായും, സവിത, ചിന്ത- പുതിയ വിശ്വാസികളാണ്. വിശ്വാസ ജീവിതത്തിൽ വളരുവാനും, ഫീൽഡിൽ പരീക്ഷയെഴുതുന്ന എല്ലാ കുട്ടികൾക്കായും, സുരേഖ, ചമ്പ- സാത്താന്യബന്ധനം വിടുതലിനായും പ്രാർത്ഥിക്കാം.

**26**

**വായനഭാഗം** : **1 ദിനവൃത്താന്തം 6**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകൻ** : കെ. എ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പ്രാർത്ഥിക്കാം.

**27**

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 81, 88, 92, 93**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകൻ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്)
**വിഷയങ്ങൾ** : വേല വളരുവാനും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

**28**

**വായനഭാഗം** : **1 ദിനവൃത്താന്തം 7 – 10**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകൻ** : അജിത്ത് കുമാർ
**വിഷയങ്ങൾ** : വേല വളരുവാനും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

**29**

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 102 – 104**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
**പ്രവർത്തകർ** : ചോഗ്ര ബാൽമുച്ചു (ഭാര്യ: സിങ്കോ, മക്കൾ: ജൂഡിത്ത്, റോമീള, ഡെയ്സി) മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : ദങ്കപാഡ, കട്ടൽഗുരി, ചെൽസ എന്നീ ഫീൽഡുകളിലെ വേല വളരുവാനും, എല്ലാ വിശ്വാസികൾക്കായും വേലക്കാർക്കായും പ്രാർത്ഥിക്കാം.

**30**

**മിഷൻ ഫീൽഡ്** : **2 ശമുവേൽ 5:1 – 10, 1 ദിനവൃത്താന്തം 11, 12**
**പ്രവർത്തകൻ** : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : ചമ്പി- കാലിലെ മുറിവുണങ്ങുവാനും, അനിത- സാത്താന്യബന്ധനം വിടുതലിനായും, ജൂലി, പ്രദീപ്, മനീഷ്, വാൻഡിക, സുമിത്ര- കുടുംബമായി വിശ്വാസത്തിൽ വരുവാനും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.


## പ്രാർത്ഥനാ സഹായത്തിന്
# ഗാർഡിയൻ പ്രേയർസെൽ

പരസ്പരമുള്ള പ്രാർത്ഥന ആത്മീയ ജീവിതത്തിന്റെ കരുത്താണ്. പ്രാർത്ഥിക്കുവാൻ നാം സമർപ്പിക്കപ്പെട്ടിരിക്കുന്നു. പ്രാർത്ഥനാവിഷയങ്ങൾ പങ്കുവെക്കാൻ ബന്ധപ്പെടുക

**E-mail: guardianprayercell@gmail.com** വെബ്സൈറ്റ് വഴിയും **(www.egmofindia.com)** മൊബൈൽ ആപ്ലിക്കേഷൻ വഴിയും **(EGM Christian Library)** വിഷയങ്ങൾ കൈമാറാവുന്നതാണ്.

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക.**

**CALL: 9446610923**

അറിവുകൾ

# ആത്മീയ പക്വതയിൽ എങ്ങനെ വളരാം?

ആത്മീയ പക്വതയിൽ വളരുന്നത് മനഃപൂർവ്വമായ പരിശ്രമവും ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധവും ഉൾപ്പെടുന്ന ഒരു യാത്രയാണ്. ഈ പാതയിൽ നിങ്ങളെ സഹായിക്കുന്നതിനുള്ള ചില പ്രായോഗിക ഘട്ടങ്ങൾ ഇതാ:

1. **ദൈവവചനം പഠിക്കുക:** ക്രമമായ ബൈബിൾ പഠനം ആത്മീയ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. തിരുവെഴുത്തുകളിൽ മുഴുകുക, അതിലെ സത്യങ്ങളെക്കുറിച്ച് ധ്യാനിക്കുക, അവ നിങ്ങളുടെ ജീവിതത്തിൽ പ്രയോഗിക്കുക. ദൈവവചനത്തിൽനിന്ന് ജ്ഞാനവും മാർഗ്ഗനിർദ്ദേശവും തേടുക.
2. **പ്രാർത്ഥനയും കൂട്ടായ്മയും:** പ്രാർത്ഥന നിങ്ങളെ ദൈവവുമായി ബന്ധിപ്പിക്കുന്നു. വ്യക്തിപരമായും സമൂഹത്തിലും സ്ഥിരമായ ഒരു പ്രാർത്ഥനാജീവിതം വികസിപ്പിക്കുക. ദൈവവുമായി ആശയവിനിമയം നടത്തുക, അവന്റെ ശബ്ദം ശ്രദ്ധിക്കുക, അവനുമായി നിങ്ങളുടെ ഹൃദയം പങ്കിടുക.
3. **കോർപ്പറേറ്റ് ആരാധന:** സഭായോഗങ്ങളിൽ പങ്കെടുക്കുക. സഹവിശ്വാസികളോടൊപ്പം ആരാധിക്കുക, പ്രസംഗങ്ങളിൽനിന്ന് പഠിക്കുക, കൂട്ടായ്മയിൽ ഏർപ്പെടുക. കോർപ്പറേറ്റ് ആരാധന നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ആത്മീയ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.
4. **ആത്മീയ വിഷയങ്ങൾ:** ഉപവാസം, ഏകാന്തത, നിശബ്ദത തുടങ്ങിയ ആത്മീയ ശിക്ഷണങ്ങൾ പരിശീലിക്കുക. ഈ ശിക്ഷണങ്ങൾ ദൈവവുമായുള്ള അടുപ്പം വളർത്തുകയും അവന്റെ ഉദ്ദേശ്യങ്ങളുമായി നിങ്ങളുടെ ജീവിതത്തെ വിന്യസിക്കാൻ സഹായിക്കുകയും ചെയ്യുന്നു.
5. **മറ്റുള്ളവരെ സേവിക്കുക:** നിസ്വാർത്ഥത പക്വതയുടെ അടയാളമാണ്. നിങ്ങളുടെ സമൂഹത്തെയും സഭയെയും ആവശ്യക്കാരെയും സേവിക്കുക.
6. **വിനയാന്വിതരും പഠിപ്പിക്കുന്നവരുമായിരിക്കുക:** ആത്മീയ വളർച്ച ആജീവനാന്ത പ്രക്രിയയാണെന്ന് തിരിച്ചറിയുക. ഓർക്കുക, ആത്മീയ പക്വത പൂർണ്ണതയെക്കുറിച്ചല്ല; അത് പുരോഗതിയെക്കുറിച്ചാണ്. ദൈവത്തെ അന്വേഷിക്കുക, അവന്റെ കൃപയിൽ വളരുക, ഉള്ളിൽനിന്ന് നിങ്ങളെ രൂപാന്തരപ്പെടുത്താൻ അവന്റെ ആത്മാവിനെ അനുവദിക്കുക.

ആത്മീയപക്വത ആത്മീയ വരൾച്ചയെ ഇല്ലാതാക്കുന്നു. ആത്മീയ വരൾച്ച എന്നത് ഒരു വ്യക്തിക്ക് ആത്മീയ ശോഷണമോ ശൂന്യതയോ അനുഭവപ്പെടുന്ന ഒരു അവസ്ഥയാണ്. പലപ്പോഴും ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്നുപോകുകയും സാന്നിധ്യം കുറഞ്ഞതോ ആത്മീയ വളർച്ച അനുഭവപ്പെടാത്തതോ ആണ്. ഈ വികാരത്തിന് നിരവധി ഘടകങ്ങൾ സംഭാവന നൽകാം, പക്ഷേ അതിനെ മറികടക്കാനുള്ള വഴികൾ ദൈവം നൽകുന്നു എന്നതാണ് സന്തോഷവാർത്ത. ആത്മീയ വരൾച്ചയെ ചെറുക്കുന്നതിനുള്ള ചില കാരണങ്ങളും പ്രായോഗിക നടപടികളും നമുക്ക് പര്യവേക്ഷണം ചെയ്യാം.

**പ്രാർത്ഥനയുടെയും ദൈവവചനത്തിന്റെയും അവഗണന:** പ്രാർത്ഥനയെ അവഗണിക്കുകയും ദൈവവചനത്തിൽ സമയം ചെലവഴിക്കുകയും ചെയ്യുന്നതിന്റെ ഫലമായി പലപ്പോഴും ആത്മീയ വരൾച്ച ഉണ്ടാകുന്നു. അവന്റെ വചനം ഒരു വിളക്കും വെളിച്ചവുമാണ്, അത് ജീവിതത്തിലെ വെല്ലുവിളികളിൽ നമ്മെ നയിക്കുന്നു. നാം മറ്റ് കാര്യങ്ങളിലോ നമ്മുടെ ബുദ്ധിമുട്ടുകളിലോ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, പ്രാർത്ഥനയുടെയും തിരുവെഴുത്തുകളുടെയും കാഴ്ച നഷ്ടപ്പെടും.

**പരിഹാരം:** ശ്രദ്ധാശൈഥില്യങ്ങൾ ഒഴിവാക്കുക, ദൈവവുമായി ദിവസേന സമയം കണ്ടെത്തുക, ജീവജലത്തിൽനിന്ന് നവോന്മേഷം തേടുക. പ്രാർത്ഥനക്കും ബൈബിൾ പഠനത്തിനും മുൻഗണന നൽകുന്നതിന് സ്വയം ശിക്ഷണം നൽകുക. പിന്തുണയും ആത്മീയ ആചാരങ്ങളും തേടുക: നിങ്ങളുടെ ആത്മാവിനെ പോഷിപ്പിക്കുകയും ദൈവവുമായുള്ള നിങ്ങളുടെ ബന്ധം കൂടുതൽ ആഴത്തിലാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക. മത സമൂഹങ്ങളിൽ നിന്ന് പിന്തുണ തേടുക, ആത്മീയ ആചാരങ്ങളിൽ ഏർപ്പെടുക, ആത്മീയ നേതാക്കളെ സമീപിക്കുക, പുതിയ ആത്മീയ ബന്ധങ്ങൾ പര്യവേഷണം ചെയ്യുക. നിങ്ങളുടെ ആദ്യ സ്നേഹവുമായി-ദൈവവുമായി വീണ്ടും ബന്ധപ്പെടുക, നിങ്ങളുടെ മനസ്സ് പുതുക്കുക. അവനുമായുള്ള ഉറ്റ ബന്ധത്തിൽനിന്നാണ് ആത്മീയ പോഷണം ഒഴുകുന്നത്.

●●●

പ്രവർത്തകരെ ബന്ധപ്പെടാം

## ZONAL SECRETARIES

| |
|---|
| P.V. JOSEPH : 94465 96654 |
| CHINNU RAJAN : 99953 29889 |
| JANCY VARGHESE : 94465 23654 |
| C.K. ABRAHAM : 94478 74276 |
| VALSA KURIAKOSE : 94972 80050 |
| M.A. MATHAI : 85473 90680 |

## ഓഫീസ് OFFICE TIME : 9.30 AM - 6.00 PM

**Address** : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

**Phone** : 0484 - 2593838, (+91) 8281616654 (Whatsapp)

**E-mail** : egmofindia@gmail.com

**Website** : www.egmofindia.com

**Dr. V. P. MATHAI VALAYIL**
**Phone :** (+91) 9447707654
**E-mail :** vpmathaivalayil@gmail.com

### Statement about ownership and other particulars about periodical Gospel Messenger (Monthly) Form-IV (See rule-8)

| | | | |
|---|---|---|---|
| 1. | Place of publication | : | Perumbavoor |
| 2. | Periodicity of publication | : | Monthly |
| 3. | Printer's name | : | V. P. Mathai |
| | Nationality | : | Indian |
| | Address | : | Valayil (H), Valamboor, Pattimattom P.O., Ekm-683 562 |
| 4. | Publisher's Name | : | V. P. Mathai |
| | Nationality | : | Indian |
| | Address | : | Valayil (H), Valamboor, Pattimattom P.O., Ekm-683 562 |
| 5. | Editors Name | : | Baby George |
| | Nationality | : | Indian |
| | Address | : | EGM of India, Perumbavoor P.O. - 683 542 |
| 6. | Name and Address of individual who own the Newspaper and Partners or share holders holding more than one percent of the total capital | : | V.P. Mathai, Valayil (H), Valamboor, Pattimattom P.O, EKM-683 562 |

I, V. P. Mathai, hereby declare that the particulars given above are true to the best of my knowledge and belief.

Date: 15.03.2024

(sd/-)
V.P. Mathai

## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................................ ഒപ്പ് :.........................

1. മാർത്തോമ്മാ യുവാവ് (29 വയസ്സ്, 165 cm ഉയരം, MTech (Mechanical Engineer) ആത്മീയ കാഴ്ചപ്പാടും സമർപ്പണവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Ph: 9495873255, 8078857955



സോജാ ടോണി

# 'നാം ജീവിക്കുന്നു'

Life (ജീവിതം) എന്ന വാക്കിന് കേവലം നാല് അക്ഷരമേ ഉള്ളൂ. അതിന്റെ മുക്കാൽ ഭാഗവും (lie) കള്ളമാണ്. അതിന്റെ പകുതി എങ്കിൽ (if) സംശയ ദ്യോതകമാണ്.

Life എന്ന വാക്കിന്റെ അക്ഷരത്തെ സ്ഥാനം മാറ്റിയാൽ നമുക്ക് അതിനെ രേഖകളും മറ്റും സൂക്ഷിക്കുന്ന ഫയൽ (file) ആക്കാം. എന്നാൽ ക്രിസ്തുവിനെ ജീവിതത്തിൽ കണ്ടുമുട്ടിയ വ്യക്തിയുടെ ജീവിതം (life) എങ്ങനെ എന്ന് പരിശോധിക്കാം.

1. L-Living in Christ (കിസ്തുവിൽ ജീവിക്കുന്നു). "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു". (2 കൊരി.5:17) ക്രിസ്തുവിലൂടെയുള്ള നമ്മുടെ ജീവിതം വ്യത്യസ്തമാണ്. നമ്മിലെ പഴയ മനുഷ്യനുമായി നാം താരതമ്യംചെയ്തു നോക്കുമ്പോൾ വ്യത്യാസം തിരിച്ചറിയാൻ സാധിക്കും. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടെ ഉരിഞ്ഞു കളയണം. പൌലൊസ് അപ്പൊസ്തലൻ പറഞ്ഞു ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു." (ഗലാ.2:20) "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു." (റോമർ 8:1,2). നാം ക്രിസ്തുവിനോടൊപ്പം ചേർന്നാൽ ജീവിതം അടുക്കും ചിട്ടയും അർത്ഥമുള്ളതും ലക്ഷ്യമുള്ളതും ആയി മാറും.

2. I - Instructed by Christ (ക്രിസ്തുവിന്റെ ഉപദേശം സ്വീകരിക്കണം). "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും". (മത്താ. 11.29) നാം കർത്താവിനെ കണ്ടെത്തിയെങ്കിൽ നമ്മുടെ ജീവിതം ആശ്വാസം നിറഞ്ഞതാണ്. കർത്താവിന്റെ നുകം കൃപയുടെയും ദാനത്തിന്റെയും സുവിശേഷ നിയമമാണ്. സമാധാനംതരുന്ന നിയമമാണ്. സ്നേഹമാണ് ആ നിയമത്തിന്റെ ആധാരം. ഈ ലോകത്തിൽ നാം എന്തിനെ ആശ്രയിച്ചാലും അതിന്റെ അവസാനം അപൂർണ്ണവും ദു:ഖംനിറഞ്ഞതുമായിരിക്കും. ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ച്, അതായത് വചനം അനുസരിച്ച് നാം ജീവിച്ചാൽ ജീവിതത്തിൽ ആശ്വാസം കണ്ടെത്താൻ നമുക്ക് കഴിയും.

3. F- Following Christ (ക്രിസ്തുവിനെ നാം അനുഗമിക്കണം). പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു: "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും". (മത്താ. 16: 24,25)

"എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷചെയ്യുന്നവനെ പിതാവു മാനിക്കും". (യോഹ. 12:26) നാം ക്രിസ്തുവിനായി ജീവിതത്തെ സമർപ്പിച്ചു, ഉപദേശത്തെ അനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിച്ചാൽ നാം അവനെ പൂർണ്ണമായി പിൻപറ്റണം. "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തു നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു." (1 പത്രൊ. 2:21) കർത്താവിനുവേണ്ടി തന്റെ ജീവിതത്തെ സമർപ്പിച്ച പൌലൊസ് അപ്പൊസ്തലൻ പറഞ്ഞു: "ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു". (ഫിലി. 3:14)

4. E- Enduring through Christ (ക്രിസ്തുവിൽ നാം നിലനില്ക്കണം). ക്രിസ്തുവിൽ നിലനിൽക്കുക എന്ന് പറഞ്ഞാൽ ലോകത്തോടും അതിന്റെ അധിപതിയോടും നാം പോരാടണം. "നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ". (എഫെ.6:12) "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു". (ഫിലി.4:13) ക്രിസ്തുവിൽ നിലനിൽക്കുവാൻ പലകാര്യങ്ങളും അസാദ്ധ്യമാണെന്നു പറഞ്ഞു നാം തള്ളിക്കളയുമ്പോൾ യേശു നമ്മോടൊപ്പം ഉണ്ടെങ്കിൽ നാം ജയാളിയാണ്. ഉദാഹരണമായി പാപിനിയായ സ്ത്രീയുടെ ജീവിതം നമുക്ക് നോക്കാം. യേശു ജീവിതത്തിൽ കടന്നുവന്നപ്പോൾ ഉള്ള ജീവിതം. കർത്താവിന്റെ കല്ലറയോളം ഇരുട്ടുള്ളപ്പോൾ തന്നെ അവനെ തേടിയെത്തിയെങ്കിൽ തന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയ യേശുവിനോടുള്ള സ്നേഹമാണ്.

യോഹന്നാൻ എഴുതിയ സുവിശേഷം 8:3-11 വരെ കർത്താവ് നമ്മെ പാപിനിയായ സ്ത്രീയുടെ ജീവിതം ചൂണ്ടിക്കാണിക്കുന്നു. യെഹൂദനിയമമനുസരിച്ച് വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ കല്ലെറിഞ്ഞു കൊല്ലുന്നതായിരുന്നു പതിവ്. വ്യഭിചാരിണിയായ ഒരു സ്ത്രീയെ യേശുവിന്റെ മുൻപിൽ കൊണ്ടുവന്ന ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ഉദ്ദേശം യേശുവിനെ വാക്കിൽ കുടുക്കണം എന്നതു മാത്രമായിരുന്നു. ജനങ്ങളെല്ലാം യേശുവിന്റെ അടുക്കൽ കൂടിവന്നതും അവനിൽ നിന്ന് പഠിക്കുവാൻ താത്പര്യം കാണിച്ചതും മറ്റ് യെഹൂദ ഗുരുക്കന്മാരിൽ വ്യത്യസ്തമായി താൻ നിയമങ്ങളെയും ആചാരങ്ങളെയും വ്യാഖ്യാനിച്ചിരുന്നത് കൊണ്ടാണ്. സാധാരണക്കാർക്ക് അധികഭാരം ചുമത്തി, അവരുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിട്ട് പരസ്പരം വെറുപ്പുളവാക്കുന്ന രീതിയിലായിരുന്നില്ല യേശു ജനങ്ങളെ പഠിപ്പിച്ചിരുന്നത്. കല്പനകളിലൂടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തെ വെളിപ്പെടുത്തിക്കൊടുത്ത് എല്ലാറ്റിലും ഉപരിയായി ദൈവത്തെയും തന്നെപ്പോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കാനാണ് യേശു ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നത്. വ്യഭിചാരക്കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ ശിക്ഷിക്കുന്നതിനെക്കുറിച്ച് യേശുവിന്റെ അഭിപ്രായം ആരായുകവഴി യെഹൂദപ്രമാണികൾ പ്രതീക്ഷിച്ചത് രണ്ട് കാര്യങ്ങളാണ്. അവളുടെ വധശിക്ഷയെ യേശു അനുകൂലിക്കുന്നുവെങ്കിൽ അവരിൽനിന്ന് യേശു ഒട്ടും വ്യത്യസ്തനല്ല എന്ന് വാദിക്കാൻ അവർക്ക് സാധിക്കും. യേശു പാപിനിയായ സ്ത്രീയുടെ പക്ഷമാണ് പിടിക്കുന്നതെങ്കിൽ അവനിൽ ദൈവനിന്ദ ആരോപിച്ചു ജനമദ്ധ്യത്തിൽ നിന്നും പുറംതള്ളാൻ സാധിക്കും. ഈ രണ്ടു വഴിയും സ്വീകരിച്ചില്ല. മൂന്നാമതൊരു വഴിയുണ്ടെന്നവരെ കാണിച്ചുകൊടുത്തു. പെട്ടെന്നുത്തരം പറയാതെ യേശു നിലത്ത് എഴുതിക്കൊണ്ടിരുന്നു. മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിച്ചു അവരെ കുടുക്കുവാനും താഴെയിറക്കാനും വ്യഗ്രതകൊള്ളുന്ന സമൂഹത്തെയാണ് ഇവിടെ കാണുന്നത്. നാം ആയിരിക്കുന്ന സമൂഹവും ഒട്ടും വ്യത്യസ്തമല്ല.

പാപത്തിൽ പിടിക്കപ്പെട്ടവരെ ഒരു നികൃഷ്ട ജീവിയെയെന്നവണ്ണം സമൂഹത്തിൽനിന്നും അകറ്റി നിറുത്തുവാൻ വെമ്പൽകൊള്ളുന്ന നാമൊക്കെ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. മറ്റൊരു വ്യക്തി ചെയ്തുവെന്ന് നമുക്കറിയാവുന്ന ഒന്നോ രണ്ടോ പാപങ്ങളെപ്രതി അയാളെ വിധിക്കുന്ന നമ്മൾ നമ്മുടെ നിരവധിയായ പാപങ്ങളെക്കുറിച്ച് ബോധവാന്മാരാണോ? നമ്മൾ ഇരുട്ടത്ത് ചെയ്യുന്ന പാപങ്ങൾ ഒരിക്കലും വെളിച്ചത്തുവരില്ല എന്ന വ്യർത്ഥ ചിന്തയല്ലേ നമുക്ക് മറ്റുള്ളവരെ വിധിക്കാൻ പ്രചോദനം നൽകുന്നത്.

വാക്യം 9-ൽ അവർ അതു കേട്ടിട്ടു മന:സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും

(ശേഷം പേജ് 32 - ൽ)

# പരിശുദ്ധനായ ദൈവത്തിന്റെ സവിശേഷതകൾ

## പരമാധികാരിയായ ഭരണകർത്താവ്

"അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ. അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു. സ്വർഗ്ഗീയ സൈന്യത്തോടും ഭൂവാസികളോടും ഇഷ്ടം പോലെ പ്രവർത്തിക്കുന്നു. അവന്റെ കൈ തടുപ്പാനോ, നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല." (ദാനിയേൽ 4:34–35)

**മേ**ൽ പറഞ്ഞത് വളരെ പ്രസക്തമാണ്. കാരണം ആർ ഇതു പറഞ്ഞു, എപ്പോൾ പറഞ്ഞു, എവിടെ വെച്ച് പറഞ്ഞു എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ബാബിലോൺ സാമ്രാജ്യത്തിന്റെ ഏകഛത്രാധിപതിയായിരുന്ന നെബുഖദ്നേസർ പറഞ്ഞ വാചകമാണിത്. അവന്റെ നിഗളഭാവം മൂലം ദൈവം അവനെ താഴ്ത്തി. ഇത് പറഞ്ഞത് അതിന്റെ അവസാന ഘട്ടത്തിലായിരുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും അത്യുന്നതൻ ദൈവമാണെന്നും അവൻ ആരോടും ഉത്തരം പറവാൻ ബാധ്യസ്ഥനല്ല എന്നും ആ ജാതീയ രാജാവിനു മനസ്സിലായി.

അതേ, നമ്മുടെ ദൈവം പരമാധികാരിയാണ്. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ഭരണകർത്താവ് എന്നതിനിടയിൽ തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യുന്നു. അവൻ ചെയ്യുന്നതെല്ലാം നന്മയായിരിക്കും. എല്ലാവർക്കും സ്വീകാര്യമായിരിക്കും, പരിപൂർണ്ണമായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ പരമാധികാരം എന്ന വിഷയം ദൈവത്തെ ദൈവമായിരിപ്പാനും മനുഷ്യന്റെ തലത്തിലേക്ക് താഴാതിരിപ്പാനും ഇടവരുത്തുന്നു.

അവൻ സർവ്വത്തിനും സർവ്വർക്കും ഉപരിയാണ്. ആർക്കും വിശദീകരണം നൽകാതെയും, ആരുടേയും അനുവാദം ഇല്ലാതെയും ഒരു കുറ്റബോധവും ഇല്ലാതെയും ആരോടും ക്ഷമ ചോദിപ്പാൻ ഇടവരുത്താതെയും താൻ ആഗ്രഹിക്കുന്നതെല്ലാം അവൻ ചെയ്യുന്നു.

എഫെസ്യർ 1:11–ൽ നാം ദൈവിക പരമാധികാരത്തെക്കുറിച്ച് വായിക്കുന്നു. "അവനിൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയമിക്കപ്പെട്ടതു." ഈ വാക്യത്തിലെ പരമപ്രധാനഭാഗം "തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവൻ" എന്നതാണ്. ഇതിനർത്ഥം തനിക്കിഷ്ടമുള്ളതുപോലെ ദൈവം എല്ലാം ചെയ്യുന്നു.

യെശയ്യാവ് ദൈവത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. "ആരംഭത്തിങ്കൽ തന്നേ അവസാനവും പൂർവ്വകാലത്തു തന്നേ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും; ഞാൻ എന്റെ താല്പര്യം ഒക്കെയും അനുഷ്ഠിക്കും എന്നു ഞാൻ പറയുന്നു." (യെശയ്യ. 46:10)

ദൈവകരങ്ങളിലല്ലാതെ പരമാധികാരം ഭദ്രമല്ല. ദൈവം അത് കൈകാര്യംചെയ്യുന്നിടത്തോളം നിഷ്ഠൂരതയോ നാടുകടത്തലോ ഉണ്ടാകുന്നില്ല. വിശ്വാസികളെ സംബന്ധിച്ച് ദൈവം എല്ലാറ്റിലും ഉപരിയാണ് എന്നറിയുന്നത് ആശ്വാസകരമാണ്. നാം വെറും സാധ്യതകളുടെ ഇരയല്ല. പ്രത്യുത നാം അവന്റെ നിയന്ത്രണത്തിലാണ് എന്നറിയുന്നത് നമുക്കൊരാശ്വാസമാണ്. "ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ" (റോമർ 8:31)

ദൈവിക പരമാധികാരം എന്നത് ആരാധനക്കു യോഗ്യമായ വിഷയമാണ്. അവന്റെ ഗുണഗണങ്ങളെ ബഹുമാനിച്ച്, അവനെ സ്തുതിച്ച്, നന്ദിയോടുകൂടി അവന്റെ മുമ്പിൽ സാഷ്ടാംഗം വീഴുന്നതിനപ്പുറം ഒന്നുമില്ല. ദൈവപുത്രന്റെ പരമാധികാരത്തെ സംബന്ധിച്ച് ആരാധനയോടുകൂടിയ ഒരു ധ്യാനം ജെ. സിഡ്‌ലോബാക്റ്റർ എഴുതി:

നിന്ദിക്കപ്പെട്ടവനും ത്യജിക്കപ്പെട്ടവനും പരിഹാസപാത്രവും വേദനിക്കുന്നവനും മുറിവേറ്റവനും കുത്തിത്തുളക്കപ്പെട്ടവനും തകർന്നവനും വിശ്രമമില്ലാത്തവനും ശാന്തനും കൊല്ലുവാൻ കൊണ്ടുപോകുന്നവന്റെ മുമ്പിൽ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ ആയവൻ തന്നെയായിരുന്നു യെശയ്യാവ് ഒരിക്കൽ ദർശിച്ച, അടുത്തുകൂടാത്ത തേജസിൽ വസിച്ച് രാഷ്ട്രങ്ങളെയും തലമുറകളെയും ഭരിച്ചിരുന്നവൻ. ആയിരക്കണക്കിനു നക്ഷത്രങ്ങളെ തന്റെ കാൽക്കീഴ് ചവിട്ടിമെതിക്കുവാൻ കഴിവുള്ളവൻ, സർവ്വശക്തൻ തന്നിൽനിന്ന് പുറപ്പെടുന്ന

പ്രകാശരശ്മികൊണ്ട് ലോകത്തെ മുഴുവൻ ചുട്ടു ചാമ്പലാക്കുവാൻ കഴിവുള്ളവൻ മനുഷ്യാവ താരം എടുത്തു. യേശു എന്ന വ്യക്തിയായി, ആ സിംഹാസനത്തിൽനിന്ന് ഇറങ്ങി, ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാടായി മരക്കുരിശിൽ മരിച്ചു.

ദൈവം പരമാധികാരിയായ ഭരണാധിപനാണെങ്കിൽ നാം അവന്റെ നിയന്ത്രണത്തിന് നമ്മെത്തന്നെ സമർപ്പിക്കണം. അവൻ കുശവനും നമ്മൾ കളിമണ്ണുമാണ്. കളിമണ്ണ് കുശവനെ ചോദ്യം ചെയ്യുന്നത് മൗഢ്യമാണ്. അവന്റെ കരങ്ങളുടെ പ്രവൃത്തിയെ എതിർക്കുന്നത് പ്രയോജനമില്ലാത്തതാണ്. കളിമണ്ണിന്റെ ശരിയായ ചിന്ത ഇതായിരിക്കണം "നീ എന്നെ നിന്റെ ഹിതംപോലെ രൂപപ്പെടുത്തണമേ, ഞാൻ ശാന്തമായി കാത്തിരിക്കുന്നു."

ചിലർക്ക് ദൈവികതിരഞ്ഞെടുപ്പിനെക്കുറിച്ച് പരാതിയുണ്ട്. ലോകസ്ഥാപനത്തിനു മുമ്പെ തിരഞ്ഞെടുത്തത്. (എഫെ 1:4) എല്ലാവരും രക്ഷിക്കപ്പെടുവാൻ ദൈവം വിളിക്കുന്നു എന്നും, ചിലരെ ദൈവം തിരഞ്ഞെടുത്തു എന്നും ബൈബിൾ പറയുന്നു. ഇതു തമ്മിൽ പൊരുത്തപ്പെടില്ല എന്നും ചിലർക്ക് തോന്നുന്നു. ബൈബിൾ തിരഞ്ഞെടുപ്പിലെ പരമാധികാരവും, മനുഷ്യന്റെ ഉത്തരവാദിത്വവും രണ്ടും പഠിപ്പിക്കുന്നു. ഇതു സമാന്തരസത്യമാണ്. ഇവ നിത്യതയിലേ കൂട്ടിമുട്ടുകയുള്ളു. മനുഷ്യമനസിലാണ് പ്രശ്നങ്ങളെല്ലാം; ദൈവത്തിനല്ല.

ദൈവം ചിലരെ രക്ഷിക്കപ്പെടുവാൻ തിരഞ്ഞെടുത്തു എന്നതിനാൽ ബാക്കിയുള്ളവരെ നഷ്ടപ്പെടുവാൻ അനുവദിച്ചു എന്നല്ല. അല്ലെങ്കിലും ഈ ലോകം പാപത്തിൽ മരിച്ച് നഷ്ടപ്പെട്ടതാണ്. നാം എല്ലാവരും നിത്യനാശത്തിന് വിധിക്കപ്പെട്ടവരായിരുന്നു.താഴേക്ക് കുനിഞ്ഞുനോക്കി, നാശമായിപ്പോയ ഒരുപിടി മണ്ണെടുത്ത് അതിൽനിന്ന് ഭംഗിയുള്ള ഒരു പാത്രം ഉണ്ടാക്കുവാൻ ദൈവത്തിന് അവകാശം ഉണ്ടോ? തീർച്ചയായും ഉണ്ട്. സി.ആർ. ഏർഡ്മാൻ ശരിയായ വീക്ഷണത്തോടുകൂടി ഇങ്ങനെ പറയുന്നു. "മനുഷ്യനെ കുറ്റംവിധിച്ച് ശിക്ഷിക്കുന്നതിലല്ല, പ്രത്യുത നാശയോഗ്യമായ മനുഷ്യനെ രക്ഷിക്കുന്നതിലാണ് ദൈവം തന്റെ പരമാധികാരം വെളിപ്പെടുത്തിയത്."

തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലാണോ എന്നറിവാൻ മനുഷ്യനുള്ള ഏകവഴി യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി വിശ്വസിക്കുക എന്നതു മാത്രമാണ്. (1 തെസ്സലൊനിക്യർ 1:4-7). തങ്ങളുടെ മനസ്സുകൊണ്ട് രക്ഷിതാവിനെ സ്വീകരിപ്പാൻ തയ്യാറാകുന്നവരെ ദൈവം മുറുകെപ്പിടിക്കുന്നു. വിശ്വസിക്കാത്ത യെഹൂദന്മാരെ ശാസിക്കുമ്പോൾ യേശു അവരുടെ മനഃസാക്ഷിയെ കുറ്റംവിധിക്കുന്നു. നിങ്ങൾ തിരഞ്ഞെടുക്കപ്പെടാത്തവരാകകൊണ്ട് നിങ്ങൾക്ക് എന്റെ അടുക്കൽ വരുവാൻ സാധ്യമല്ല എന്ന് യേശു പറഞ്ഞില്ല.

എന്നാൽ യേശു പറഞ്ഞത് "എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്ന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല" (യോഹന്നാൻ 5:40)

ദൈവത്തിന് രക്ഷിക്കപ്പെടേണ്ടവരെ തിരഞ്ഞെടുപ്പാൻ അധികാരം ഉണ്ടോ? ഇതല്ല ഒരു വിശ്വാസിയുടെ മുമ്പിലുള്ള ചോദ്യം. പിന്നെയോ? അവൻ എന്തുകൊണ്ട് എന്നെ തിരഞ്ഞെടുത്തു? ഈ ചോദ്യം ഒരു വിശ്വാസിയെ നിത്യത വരെ ദൈവത്തെ ആരാധിക്കുന്നവൻ ആക്കിത്തീർക്കുന്നു.

ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു ചോദ്യം ഉയർന്നുവരുന്നു. ദൈവം പാപത്തെ എന്തിന് അനുവദിച്ചു. ദൈവം പരമാധികാരിയായ ഭരണാധികാരിയാണെങ്കിൽ തന്റെ സൃഷ്ടിയായ മനുഷ്യന്റെ പാപപ്രവൃത്തികൾ മൂലമുള്ള എല്ലാ നാശവും എന്തിനനുവദിച്ചു.

മാലാഖമാരെയും നന്മതിന്മകളെ തിരഞ്ഞെടുപ്പാൻ കഴിവുള്ള മനുഷ്യനെയും സൃഷ്ടിക്കുമ്പോൾ, ഭാവിയിൽ ഇവർ എനിക്കെതിരായി തിരിയും എന്ന പ്രശ്നം ദൈവം അപ്പോഴേ മനസ്സിലാക്കി. അതേ, സ്വതന്ത്ര ചിന്താഗതിയില്ലാത്തവരായി ഇവരെ സൃഷ്ടിക്കാമായിരുന്നു. ഓരോ മണിക്കൂറിലും ദൈവത്തെ വണങ്ങി നമസ്കരിക്കുന്ന യന്ത്രമനുഷ്യരെ ദൈവത്തിന് സൃഷ്ടിക്കാമായിരുന്നു. എന്നാൽ തന്റെ സൃഷ്ടി സ്വന്തം താത്പര്യപ്രകാരം തന്നെ ആരാധിക്കുന്നതിലാണ് ദൈവത്തിന് കൂടുതൽ സന്തോഷം ലഭിക്കുന്നത്.

ദൈവത്തോട് അനുസരണക്കേട് കാണിച്ചു. എന്നാൽ ദൈവത്തെ തോല്പിക്കാൻ സാധിച്ചില്ല. രക്ഷയുടെ മഹാ പദ്ധതി അവൻ ഒരുക്കി. ആദാം ഒരിക്കലും പാപം ചെയ്യാതിരുന്നെങ്കിൽ ഉണ്ടാകാമായിരുന്ന മഹത്വത്തിലും വലിയതാണ് ക്രൂശിൽ യേശു പൂർത്തീകരിച്ച പ്രവൃത്തിമൂലമുള്ള മഹത്വം. ക്രിസ്തുവിലായ നാം, പാപം ചെയ്യാത്ത ആദാമിൽ ഉണ്ടാകാമായിരുന്ന മഹത്വത്തിലും വലിയ മഹത്വത്തിലാണ്. ആദാമിന്റെ സന്തതികൾ ക്രിസ്തുവിലായപ്പോൾ തങ്ങളുടെ പിതാവു നഷ്ടപ്പെടുത്തിയതിലും വലിയ മഹത്വത്തിലായി.

പരമാധികാരം എന്നത് ദൈവത്തിന്റെ മാത്രം സവിശേഷഗുണമാണ്. വിശ്വാസിയേ, നീ ഭയപ്പെടേണ്ട അതിൽ വിശ്രമിക്കൂ. അത് ആസ്വദിക്കൂ. അതിനെ ആരാധിക്കൂ. ഒരു അജ്ഞാത കവി പാടുന്നു.

ഭരിക്കുന്നു, നയിക്കുന്നു, എല്ലാത്തിനോടും കല്പിക്കുന്നു

അസംഖ്യം ജ്യോതിർഗോളങ്ങളെ നിയന്ത്രിക്കുന്നു.

ചിലപ്പോൾ എന്നെ ഉയർത്തുന്നു താഴ്ത്തുന്നു.

ആർക്കും നിന്റെ കരങ്ങളെ തടുത്തുകൂടാ

നിന്റെ പരമാധികാര കൃപയിൽ

ഞങ്ങൾ നിന്റെ ശക്തിയും അറിവും ദർശിക്കുന്നു. ●●●

# ആരോഗ്യവിചാരം

Source- www.manoramaonline.com

## ചെറുപ്പക്കാരിൽ കേൾവിക്കുറവ് വ്യാപകം, ഇയർ ബഡുകളെ സൂക്ഷിക്കണം.



എല്ലാ വർഷവും മാർച്ച് 3-നാണ് ലോക കേൾവിദിനമായി ആചരിക്കുന്നത്. കേൾവിശക്തിയുടെ പ്രാധാന്യത്തെപ്പറ്റി അവബോധം സൃഷ്ടിക്കാനാണ് ഇത്. പലപ്പോഴും കേൾവിക്കുറവ് വരുമ്പോൾ മാത്രമേ ആളുകൾ കേൾവിയുടെ ശക്തിയെപ്പറ്റി ആലോചിക്കാറുള്ളൂ. അതുവരെയും ചെവിയിൽ പെൻസിലും പേനയും കുത്തി, അമിത ശബ്ദങ്ങൾ നിരന്തരം കേട്ട് ചെവിയെ 'പീഡിപ്പിക്കുക'യാണ് പലരും.

ഏറ്റവും പ്രധാനപ്പെട്ട ഇന്ദ്രിയങ്ങളിലൊന്നാണ് ചെവി. കേൾവി ഇല്ലാതാകുന്ന അവസ്ഥയെപ്പറ്റി ചിന്തിക്കാൻപോലും ബുദ്ധിമുട്ടാണ്. എന്നിട്ടും യാതൊരു ശ്രദ്ധയും ചെവിക്കോ അതിന്റെ പരിചരണത്തിനോ പലരും നൽകുന്നില്ല. പണ്ടുകാലത്തെ അപേക്ഷിച്ച് ചെറുപ്രായത്തിൽത്തന്നെ കേൾവിക്കുറവ് വരുന്നവരുടെ എണ്ണം കൂടുതലാണ്. 2050 ആകുമ്പോഴേക്കും ലോകത്താകെയുള്ള ഏഴു കോടി ആളുകൾക്ക് കേൾവിക്കുറവ് ഉണ്ടായിരിക്കും എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. അതിൽ 10 ലക്ഷം കൗമാരക്കാർ, ചെറുപ്പക്കാർ എന്നിവരിൽ കാര്യമായരീതിയിലുള്ള കേൾവിക്കുറവ് ഉണ്ടായിരിക്കും. 30 ഡെസിബലിനു മുകളിൽ കേൾവിശക്തി നഷ്ടമാക്കിയേക്കാം. നിലവിൽ വിദ്യാർത്ഥികൾക്കിടയിൽ 16 - 25 പ്രായപരിധിയിലുള്ള 40 ശതമാനം പേർക്ക് കേൾവിക്കുറവുണ്ട്. അതുപോലെ 17 ശതമാനം മുതിർന്നവരിൽ 20 - 59 വയസ്സിനിടയിലുള്ളവർക്ക് കേൾവിതകരാറുകൾ ഉണ്ടാകുന്നുണ്ട്. ഇത് ശബ്ദത്തോടുള്ള അമിതമായ സമ്പർക്കം കൊണ്ടാണുണ്ടാകുന്നത്. നാലിൽ ഒരാൾക്ക് അമിതശബ്ദം മൂലമുള്ള കേൾവിക്കുറവ് കണ്ടുവരുന്നുണ്ട്. ഇത് ശ്രദ്ധിച്ചാൽ തടയാൻ കഴിയും. പക്ഷേ വന്നുകഴിഞ്ഞാൽ ഇതിനെ ശരിയാക്കാൻ കഴിയില്ല. കേൾവിക്കുറവ് മൂന്ന് തരത്തിലാണുള്ളത്. കണ്ടക്റ്റീവ് ഹിയറിങ് ലോസ്, സെൻസറിന്യൂറൽ ഹിയറിങ് ലോസ്, മിക്സഡ് ഹിയറിങ് ലോസ്. ഇതിൽ കണ്ടക്ടീവ് ഹിയറിങ് ലോസാണ് ചികിത്സിക്കാനും മാറ്റിയെടുക്കാനും പറ്റുന്നത്.

- ചെവിക്കകത്ത് ചെറിയ എന്തെങ്കിലും തടസ്സങ്ങളോ വാക്സോ ഉണ്ടാവുകയോ എന്തെങ്കിലും വസ്തുക്കൾ ചെവിക്കുള്ളിൽ പോവുകയോ ചെയ്താൽ കേൾവിക്കുറവിനുള്ള സാധ്യതയുണ്ട്. ഇയർഡ്രമ്മിൽ ദ്വാരംവീണാലും മിഡിൽഇയറിൽ ഫ്ലുയിഡ് ഉണ്ടെങ്കിലുമൊക്കെ കേൾവിക്കുറവ് ഉണ്ടാകും. ശബ്ദത്തിന് സഞ്ചരിക്കാനുള്ള മാധ്യമം നഷ്ടപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇതിനെയൊക്കെ മരുന്നുകൊണ്ടും ശസ്ത്രക്രിയകൊണ്ടും ചികിത്സിക്കാവുന്നതാണ്.
- ചെവിക്കകത്ത് ശബ്ദത്തെ ഇലക്ട്രിക്തരംഗങ്ങളാക്കി മാറ്റുന്ന ഹെയർ സെല്ലുകളുടെ എണ്ണം കുറയുമ്പോഴാണ് സെൻസറിന്യൂറൽ ഹിയറിങ് ലോസ് ഉണ്ടാവുന്നത്. ഇത് ശരിയാക്കാൻ കഴിയില്ല. പ്രായം കൂടുമ്പോഴോ ചില മരുന്നുകൾ കഴിക്കുമ്പോഴോ വലിയ ശബ്ദങ്ങൾ കേൾക്കുമ്പോഴോ ട്യൂമറുകൾ കാരണമോ ഈ കേൾവിക്കുറവ് ഉണ്ടാകാം. ശബ്ദമലിനീകരണവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്നാണ്.
- മിക്സഡ് ഹിയറിങ് ലോസ് രണ്ടു തരത്തിലുണ്ട്. കണ്ടക്റ്റീവും സെൻസറിന്യൂറലും. അത് ജനിതകമാണ്. നാഡീവ്യൂഹവുമായി ബന്ധപ്പെട്ട അസുഖങ്ങൾ ഉള്ളവരിലും മിക്സഡ് ഹിയറിങ് ലോസ് ഉണ്ടാവാറുണ്ട്.

**ഇയർബഡുകളെ സൂക്ഷിക്കണം.**

ഇയർബഡുകൾ ഒരുപാട്പേർ ഉപയോഗിക്കുന്നുണ്ട്. ഉപയോഗിക്കാനുള്ള സുഖത്തെക്കാളുപരി കാണാനുള്ള ലുക്കും പലരെയും ഇയർപോഡുകളിലേക്ക് അടുപ്പിക്കാറുണ്ട്. അവ ചെവിക്കകത്തേക്ക് തിരുകിവെക്കുന്നതിനാൽ ഇതിലൂടെ വരുന്ന ശബ്ദം നേരെ ഇയർഡ്രമ്മിലേക്കാണ് എത്തുന്നത്. കാലക്രമേണ ഇത് കേൾവിക്കുറവ് ഉണ്ടാക്കും. ഇയർബഡുകൾ ഉപയോഗിക്കുന്നത് കേൾവിശക്തിയെ സംബന്ധിച്ച് ഒട്ടും നല്ലതല്ല.

**കേൾവിശക്തിയെ കാക്കാൻ ഇക്കാര്യങ്ങൾ ചെയ്യാം.**

• ഉപകരണങ്ങളുടെ ശബ്ദം കുറച്ച് ഉപയോഗിക്കുക. • 50 ശതമാനത്തിൽ വോള്യം കുറച്ച് ഉപയോഗിക്കുന്നതാണ് നല്ലത്. • ഇയർ പോഡുകൾ ഒഴിവാക്കി ഹെഡ്ഫോണുകൾ ഉപയോഗിക്കാം. • നോയിസ് കാൻസലേഷൻ ഹെഡ്ഫോണുകൾക്ക് പ്രാധാന്യം കൊടുക്കാം. • ജോലി സംബന്ധമായി അധികം ശബ്ദം കേൾക്കേണ്ടിവരുന്നവർ ലിസണിങ് ബ്രേക്ക് എടുക്കുക. • എല്ലാ അരമണിക്കൂർ കൂടുമ്പോഴും 5 മിനിറ്റ് എങ്കിലും ബ്രേക്ക് എടുക്കാം. • വോള്യത്തിനു ലിമിറ്റ് സെറ്റ് ചെയ്യുക. • 6060 റൂൾ പാലിക്കാം. 60 ശതമാനത്തിൽ കൂടുതൽ ശബ്ദം വേണ്ട. 60 മിനിറ്റിൽ കൂടുതൽ ശബ്ദങ്ങൾ ഇടവേളയില്ലാതെ കേൾക്കാനും പാടില്ല.

•••

ഭാഗം : 4




# ബൈബിൾ ക്വിസ് 2024

(2 ശമൂവേൽ, 1 യോഹന്നാൻ, GM മാർച്ച് 2024)

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തിയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

1. നാം ദൈവത്തിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം എങ്ങനെ അറിയുന്നു?
2. "ഇപ്പോൾ കല്പിച്ച വചനംകൊണ്ട് രാജാവ് തന്നെ കുറ്റക്കാരനെന്നു വന്നുവല്ലോ..." എന്തുകൊണ്ട് ?
3. ദൈവത്തിൽ വസിക്കുന്നവൻ എതിൽ വസിക്കുന്നു?
4. ഗുണവും ദോഷവും തിരിച്ചറിയാൻ കഴിയുന്ന രാജാവ് ആരെപ്പോലെ?
5. "ഇത് ഭയത്തെ പുറത്താക്കികളയുന്നു." എത് ?
6. എവിടെനിന്നാണ് അബ്ശാലോമിനെ യെരൂശലേമിലേക്കു കൂട്ടിക്കൊണ്ടുവന്നത് ?
7. "കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല". ആർക്ക് ?
8. __________ എന്ന സ്വഭാവഗുണം വ്യക്തിത്വത്തിൽ രൂപപ്പെടുത്താൻ ശ്രമിക്കുകയും വേണം.
9. എല്ലാ യിസ്രായേലിലും സൗന്ദര്യംകൊണ്ട് അവനെപ്പോലെ ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല. ആരെപ്പോലെ?
10. എന്താണ് ദൈവത്തോടുള്ള സ്നേഹം?

## ബൈബിൾ ക്വിസ് 2024 ഭാഗം 3 ശരിയുത്തരങ്ങൾ

1. അമ്നോന്റെ (2 ശമൂവേൽ 13:15 )
2. എതിർക്രിസ്തുവിന്റെ (1 യോഹന്നാൻ 4:3)
3. നിലയങ്കി (2 ശമൂവേൽ 13:18)
4. ലൌകികന്മാരുടെ (1 യോഹന്നാൻ 4:5)
5. രണ്ടു വർഷം കഴിഞ്ഞു (2 ശമൂവേൽ 13:23)
6. 4 (നാല്) (GM February സെന്റർ പേജ്)
7. ദൈവത്തിൽനിന്ന് (1 യോഹന്നാൻ 4:7)
8. ഗെശൂർ (2 ശമൂവേൽ 13:37)
9. അന്യോന്യം സ്നേഹിക്കണം (1 യോഹന്നാൻ 4:7)
10. യോവാബ് (2 ശമൂവേൽ 14:1)

## ഭാഗം-2 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഐസക്ക്, ഗ്രേസി ചാക്കോ, ജോളി ജെയിംസ്, ലീലാമ്മ ജേക്കബ്, മാത്യു കെ ജെ, റാഹേലമ്മ ജോർജ്ജ്, സുജ നെൽസൺ, തങ്കമ്മ ഔസേഫ്, തങ്കച്ചി വർഗ്ഗീസ്

## ഉത്തരങ്ങൾ

(പേജ് 14ന്റെ)

1. മിസ്രയീമിൽ നിന്ന് (1.16)
2. മോരീയാപർവ്വതത്തിൽ (3.1)
3. ശെബാരാഞ്ജി (9.1)
4. നയമാൻ (12.13)
5. ഹനാനിയുടെ (19.2)
6. ഉസ്സീയാരാജാവു (26.21)
7. അമ്പത്തഞ്ചു സംവത്സരം (33.1)
8. ഹുൽദാ എന്ന പ്രവാചകി (34.22)
9. യിരെമ്യാവ് (35.25)
10. മനശ്ശെ (33.13)


(പേജ് 28 - ൽ നിന്നും)

ഇളയവരും ഓരോരുത്തനായി വിട്ടുപോയി." പാപങ്ങൾ പൊറുക്കാൻ കഴിവുള്ളവന്റെ മുന്നിൽനിന്ന് തങ്ങളുടെ പാപങ്ങളുമായി പോകാനാണവർ തുനിഞ്ഞത്. എന്നാൽ ഒരുനിമിഷം തങ്ങളുടെ ജീവിതത്തിലേക്കവർ തിരിഞ്ഞുനോക്കി. നമ്മുടെ പാപാവസ്ഥയിൽ നാം എന്താണ് ചെയ്യേണ്ടത് പാപിനിയായ സ്ത്രീയെപ്പോലെ ദൈവസന്നിധിയിലേക്ക് നാം കടന്നുവരണം. പാപഭാരവും നീറുന്ന ഹൃദയവുമായി ദൈവസന്നിയിൽ കടന്നുവരുമ്പോൾ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് നമ്മെ മാറോടണക്കും. കർത്താവ് പാപം ക്ഷമിച്ച അന്നു മുതൽ അവനെ വിട്ടുമാറാതെ പിൻപറ്റുന്ന പാപിനിയായ സ്ത്രീയെ നമുക്കു കാണാം. നമ്മുടെ ജീവിതവും അങ്ങനെയാകട്ടെ. പറിച്ചുമാറ്റേണ്ട ചില പാപങ്ങളെ പിഴുതെറിഞ്ഞ് വിശുദ്ധിയോടെ ക്രിസ്തുവിൽ നിലനിൽക്കാം. വിട്ടുമാറാതെ പിൻപറ്റാം. നമ്മുടെ ജീവിതം (Life) കർത്താവിൽ മാത്രമായി തീരട്ടെ. ദൈവം അനുഗ്രഹിക്കട്ടെ. ●●●

# ചുമതലയേറ്റു

ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ പ്രസിഡന്റായി ഡോ. നെൽസൻ മാത്യു വാലയിൽ, സെക്രട്ടറിയായി ശ്രീ. ആഷിഷ് എബ്രാഹം എന്നിവർ ചുമതലയേറ്റു.


ഡോ. നെൽസൻ മാത്യു


ശ്രീ. ആഷിഷ് എബ്രാഹം

## അക്കാദമിയുടെ പ്രവർത്തനങ്ങൾ

ഹ്രസ്വകാല – ദീർഘകാല ബൈബിൾ കോഴ്സുകൾ ❖ മിഷനറി ട്രെയിനിംഗ് ❖ സണ്ടേസ്കൂൾ ❖ ബൈബിൾ കോളേജ്

## അക്കാദമിയുടെ മലയാളം വിഭാഗം സണ്ടേസ്കൂൾ ബോർഡ് അംഗങ്ങൾ


ശ്രീ. ബേബി ജോർജ്ജ്


ഡോ. നെൽസൻ എബ്രാഹം


ശ്രീ. ബെന്നി സ്കറിയ


ശ്രീ. വർഗ്ഗീസ് കോശി


ശ്രീമതി ഷൈനി ജോയി


ശ്രീമതി ശോശാമ്മ വർഗ്ഗീസ്

## അക്കാദമിയുടെ ഹിന്ദി വിഭാഗം സണ്ടേസ്കൂൾ ബോർഡ് അംഗങ്ങൾ


ശ്രീ. സജി കെ. എസ്


ശ്രീ. ധിരഞ്ജൻ ലിമ


ശ്രീ. ഹാനോക് പട്ടേൽ


ശ്രീ. രാമേശ്വർ സാഹു


ശ്രീമതി സോജ ടോണി

## ONLINE SUNDAY SCHOOL

എല്ലാ ഞായറാഴ്ചയും 6:15 PM - 7.00 PM (IST)

"നമ്മുടെ മക്കൾ ദൈവവചനം പഠിക്കുവാൻ, ദൈവസ്നേഹത്തിൽ വളരുവാൻ"

ആദ്യ ബാച്ച് 2024 ഏപ്രിൽ 7ന് (ഞായർ) ആരംഭിച്ച് നവംബറിൽ അവസാനിക്കുന്നു.

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | |
|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്<br>Support for the works in a Mission field | : ₹ 15,000/- |
| ഒരു മിഷനറിയുടെ സന്ധാരണത്തിന്<br>support for a Missionary | : ₹ 4,000/- |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്<br>Evangelisation of a village | : ₹ 2,500/- |
| ബൈബിൾ, സുവിശേഷപ്രതികൾക്ക്<br>Distribution of Bible, Tracts etc. | : ₹ 500/- |

### മറ്റു ആവശ്യങ്ങൾ (other needs)

| | |
|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ<br>Construction of a Church | : ₹ 10,00,000/- |
| ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ<br>Construction of a Prayer Hall in a village | : ₹ 3,50,000/- |
| ഫീൽഡിലേക്ക് ഒരു ടൂവീലർ<br>Buy a two-wheeler to the Mission field | : ₹ 1,00,000/- |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ<br>Buy a cycle to the Mission field | : ₹ 4,500/- |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | |
|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം<br>Distribute Lunch In Tribal school | : ₹ 5,000/- |
| മെഡിസിൻ വിതരണത്തിന്<br>Distribution of medicine | : ₹ 1000/- |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്<br>Palliative Care for a BPL Family | : ₹ 1,000/- |
| അനാഥാലയത്തിന്റെ ചിലവിന്<br>Expenses of an Orphanage | : ₹ 30,000/- |
| ഒരു അനാഥക്കുട്ടിയുടെ സന്ധാരണം<br>Support an Orphan | : ₹ 1,700/ |
| വിദ്യാഭ്യാസ സഹായം<br>Educational help | : ₹ 500/- |

### മറ്റു ആവശ്യങ്ങൾ (other needs)

| | |
|---|---|
| ഒരു വീട് നിർമ്മിക്കുവാൻ<br>Construction of a house for the poor | : ₹ 5,00,000/- |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്<br>school uniform, bag & shoes | : ₹ 1000/- |

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

9188379654

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

9188389654

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/– രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / E-mail / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമെ. (Ph: +91 8281616654)

# ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

## നിർദ്ധനരായ ഗ്രാമീണ വിദ്യാർത്ഥികൾക്ക്

# വിദ്യാഭ്യാസ സഹായം



**വി**ദ്യാകിരൺ യോജനയുടെ ഭാഗമായി നമ്മുടെ ഫീൽഡുകളിൽ താമസിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങളിലേക്ക് കൈത്താങ്ങൽ നൽകുവാൻ നാം ആഗ്രഹിക്കുകയാണ്. നമ്മുടെ പ്രവർത്തനങ്ങളുമായി ചേർന്നും അല്ലാതെയും ജാതി, മത, വർഗ്ഗ വ്യത്യാസമെന്യെയുള്ള അനേകം കുട്ടികളിലേക്ക് ഈ പദ്ധതി എത്തിക്കുവാൻ നാം തയ്യാറെടുക്കുകയാണ്. ഓരോ വിദ്യാർത്ഥിക്കും അവർ പഠിക്കുന്ന തലത്തിനൊത്തവണ്ണം പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ സാധിക്കും. ഈ പദ്ധതിയിൽ താങ്കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ഒരു പ്രചോദനവും സഹായവുമാകട്ടെ.

| KG - Std.5 | Std.6 - Std.10 | Plus One - College Going |
|---|---|---|
| 500/- | 1000/- | 1500/- |

മെയ് മാസത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ജൂൺ – ജൂലൈ മാസത്തോടെ പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ നാം ഒരുങ്ങുന്നു. പ്രാർത്ഥിക്കണമെ.



G Pay

Help India Mission

9188389654

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26) അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

## BANK DETAILS

| HELP INDIA MISSION | V.P. MATHAI (Official) |
|---|---|
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor

IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date - 15-03-2024

**ഗോസ്പൽ മെസഞ്ചർ** വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# ഇ. ജി. എം. ഓഫ് ഇന്ത്യ

## കുടുംബസംഗമവും 17-ാമത് സ്ഥാപകദിനവും

**2024 മെയ് 1 (ബുധനാഴ്ച്ച) 6 PM - 9.15 PM**

## അല്ലപ്ര മിഷൻ സെന്ററിൽ

വചന ശുശ്രൂഷ


Rev. ജയ് മാത്യു


Dr. വി. പി. മത്തായി
വാലയിൽ

**എവർക്കും സ്വാഗതം !!!**

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മിഷനറിമാരും, പ്രതിനിധികളും, വൈദികരും, സുവിശേഷകരും പങ്കെടുക്കുന്നു. ഫീൽഡുകളിൽ നിന്നുള്ള കലാസാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

പവർവിഷൻ ചാനലിൽ
**ബുധനാഴ്ച്ച** രാത്രി 9 ന്



# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmofindia Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.